JYOTHIMARGOM

# ജ്യോതിമാർഗ്ഗം

വാർത്താ പത്രിക

RNI.NO.KER MAL/2002/8041

PUBLISHED FROM THIRUVALLA ON 12-02-2017

VOL. 18 | NO. 2 | 2017 FEBRUARY | Pages 12 | Price ₹ 5/-

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്

# ജനറൽ കൺവൻഷനിൽ ആത്മമാരി പെയ്തിറങ്ങി

**തിരുവല്ല:** ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും ദൈവമക്കൾ നന്ദിയുള്ളവരായിരിക്കണമെന്നും ദൈവം ഭരമേല്പിച്ച ദൗത്യ നിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായി ആരോഗ്യദൃഡഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും സ്റ്റേറ്റ് ഓവർസിയർ റവ സി. സി. തോമസ് ഉദ്ബോധിപ്പിച്ചു. ദൈവം നമുക്ക് നൽകിത്തരുന്ന ശുഭതകളെ ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി പ്രവർത്തിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചർച്ച് ഓഫ് ഗോഡ് സഭയുടെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ നടന്ന 94-ാമത് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകുയായിരുന്നു റവ സി.സി. തോമസ്. 23-ാം തീയതി തിങ്കളാഴ്ച അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് സ്വാഗതം പറഞ്ഞു. പാസ്റ്റർ ബാബു ചെറിയാൻ പിറവം മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റർ തോമസ് എം. പുളിവേലിൽ സങ്കീർത്തനം വായിച്ചു. 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ കൺവൻഷൻ സമാപിച്ചു. തിരുവത്താഴ ശുശ്രുഷയ്ക്ക് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം. ഓ ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, പി. ജി മാത്യൂസ്, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ വൈ. ജോസ് സങ്കീർത്തനം വായിച്ചു. ബ്രദർ ജോസഫ് മററത്തുകാലാ കൃതഞ്ജ്ജത അറിയിച്ചു. സഭയുടെ അസിസ്റ്റന്റ് ഓവർസിയർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന പാസ്റ്റർ പി. ജി. മാത്യൂസിന് യാത്ര അയപ്പ് നല്കി ആദരിച്ചു. എഴുന്നേററ് പണിയുക എന്നതായിരുന്നു പ്രധാന ചിന്താവിഷയം.




*തിരുവല്ലായിൽ നടന്ന ചർച്ച് ഓഫ് ഗോഡ് സഭയുടെ സഭയുടെ ജനറൽ കൺവൻഷന്റെ സമാപന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് മുഖ്യ സന്ദേശം നല്കുന്നു.*

ഒരാഴ്ചയായി നടന്നു വന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് കോൺഫ്രൻസ്, പൊതുയോഗം, സഹോദരി സമ്മേളനം, വേദപാഠശാലകളുടെ ബിരുധദാനം, പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും, വൈ. പി. ഇ. യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉൺർവ്വുയോഗം എന്നിവ നടന്നുവെന്ന് മീഡിയ കൺവീനർമാരായ സാംകുട്ടി മാത്യുവും, ഷൈജു തോമസും അറിയിച്ചു. തികഞ്ഞ ആത്മീക അന്തരീക്ഷത്തിൽ അച്ചടക്കത്തോടെ നടന്ന കൺവൻഷന്റെ പ്രാരംഭ ദിനം മുതൽ തന്നെ പരിശുദ്ധാത്മ സാന്നിധ്യം കൺവൻഷൻ പന്തലിൽ ദൃശ്യമായിരുന്നു. കൺവൻഷനിൽ ഇതു വരെയും കണ്ടിട്ടില്ലാത്ത വിധമുള്ള ജനസമൂഹമാണ് പങ്കെടുത്തത്.

ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൺ, പാസ്റ്റർമാരായ ജോൺ തോമസ്, സണ്ണി താഴാംപള്ളം, ഡോ. മാത്യു ജോർജജ് ബഹറൈൻ, ഡോ. ഷിബു സാമുവേൽ, ഷിബു തോമസ്, പി. ആർ ബേബി, കാനം അച്ചൻ, ഡോ. ഷിബു കെ മാത്യു, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ട, ടി. എം. മാമച്ചൻ, ഏ. റ്റി. ജോസഫ്, പി. എ. ജെറാൾഡ്, ജോൺസൻ ദാനിയേൽ, വി. എം. മധു, സാജൻ മാത്യു, പി. സി. ചെറിയാൻ, വിനോദ് ജേക്കബ്ബ്, ജി. അലക്സ്, സജി ഏബ്രഹാം, ജെയ്സ് പാണ്ടനാട്, ഷൈജു തോമസ് ഞാറയ്ക്കൽ, രാജൻ സാമുവേൽ തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

പാസ്റ്റർമാരായ വൈ. റെജി, തോമസ്കുട്ടി ഏബ്രഹാം, ബാബു

(ശേഷം പേജ് 10)

## ഐ. പി. സി കർണാടക ഗോവ സ്റ്റേറ്റ് കൺവെൻഷൻ

**ബെംഗളൂരു:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കർണാടക-ഗോവ സ്റ്റേറ്റ് 30-ാമത് വാർഷിക കൺവെൻഷൻ ഫെബ്രുവരി 8 മുതൽ 12 വരെ ഹൊറമാവ്, അഗര ഐ.പി.സി ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജേക്കബ് ജോൺ, വിൽസൺ ജോസഫ്, കെ.സി.ജോൺ, സാം ജോർജ്, ഫിലിപ്പ് പി.തോമസ്, ഫിന്നി സാമുവേൽ, കെ.എസ്.ജോസഫ്, നൂറുദീൻമുള്ള, സാം സങ്കേശ്വർ എന്നിവർ പ്രസംഗിച്ചു. നിർധനരായ യുവതികളുടെ സമൂഹവിവാഹം നടത്തി. സഹോദരി സമാജം സമ്മേളനത്തിൽ സിസ്റ്റർ.സ്റ്റെർല ലൂക്ക് പ്രസംഗിച്ചു. ബൈബിൾ കോളേജിന്റെ ബിരുദദാന ശുശ്രൂഷയും സൺഡേസ്കൂൾ, പി.വൈ.പി.എ വാർഷീക സമ്മേളനവും നടന്നു. സമാപന ദിവസമായ ഞായറാഴ്ച ഗോവ, തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന 29 ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളും പങ്കെടുത്ത സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു.

പാസ്റ്റർമാരായ ഏബ്രഹാം മാത്യു വല്ല്യത്ത്, ജോസ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ ഗായകൻ ബ്ലസൻ മേമനയും കൺവെൻഷൻ ക്വയറും ഗാനങ്ങൾ ആലപിച്ചു. കർണാടക ഐ.പി.സി.സെക്രട്ടറി പാസ്റ്റർ വർഗീസ് മാത്യു ജനറൽ കൺവീനർ പാസ്റ്റർ രാജൻ ജോൺ, ജോയിന്റ് കൺവീനർമാരായ പാസ്റ്റർ എ.വൈ.ബാബു, ബ്രദർ ജോസ് വർഗീസ് പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ലാൻസൺ പി.മാത്യു എന്നിവർ കൺവെൻഷന് നേതൃത്വം നൽകി.

## ഡോൾവൻ കൺവൻഷൻ



**ഗുജറാത്ത്:** ഫെലോഷിപ്പ് ആശ്രാം ചർച്ച് ഓഫ് ഇന്ത്യയുടെ 12-ാമത് ജനറൽ കൺവൻഷൻ ഫെബ്രുവരി 8-12 വരെ വാപ്പി ജില്ലയിലെ ഡോൾവനിൽ നടന്നു. ചുരുങ്ങിയ കാലം കൊണ്ട് ഉത്തരേന്ത്യയിലെ ഏറ്റവും വലിയ കൺവൻഷനുകളിലൊന്നായി ഡോൾവൻ കൺവൻഷൻ മാറിക്കഴിഞ്ഞു. ഏഴ് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന ഫെലോഷിപ്പ് ആശ്രാം സഭയുടെ ആയിരക്കണക്കിന് വിശ്വാസികളും പാസ്റ്റേഴ്സും ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഫെലോഷിപ്പ് ആശ്രാം സഭയുടെ സ്ഥാപകനായ പാസ്റ്റർ സജി മാത്യു ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർമാരായ ജേക്കബ് തോമസ്, റ്റി.ഡി.തോമസ്, ഡുനോയി, ജയിംസ് റാം എന്നിവർ മുഖ്യപ്രസംഗകരായിരുന്നു. ജെയ് മോസസ്, ജോസഫ് രാജ് എന്നിവരുടെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നടന്നു.

## ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്

## ജനറൽ കൺവൻഷൻ ഫെബ്രുവരി 16ന്



പാസ്റ്റർ തോമസ് ഫിലിപ്പ്

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഫെബ്രുവരി 16-19 പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. ഡോ. അലക്സാണ്ടർ ഫിലിപ്പ്, ഡോ.ജെയ്സൻ തോമസ്, ഡോ.ബി.വർഗ്ഗീസ്, പാസ്റ്റർന്മാരായ വർഗ്ഗീസ് ഏബ്രഹാം, പി.എസ് ജോർജ്ജ്, വി.സി.യോഹന്നാൻ, ഇവാ. റെജി. കെ.തോമസ്, സിസ്റ്റർ ഷോളി വർഗ്ഗീസ് എന്നിവർ പ്രസംഗിക്കും. ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ബിരുദ ദാന ശുശ്രൂഷ 16 വ്യാഴം രാവിലെ 9 മണിക്ക് ആരംഭിക്കും. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ഗായക സംഘത്തോടൊപ്പം നിരണം ഹീലിംഗ് മെലഡീസും ഗാനങ്ങൾ ആലപിക്കും. ബൈബിൾ ക്ലാസ്, പവർമീറ്റിംഗ്, ശുശ്രൂഷക കോൺഫ്രൻസ്, വനിതാ സമ്മേളനം, സണ്ടേസ്കൂൾ യുവജനസമ്മേളനം, സ്നാനം എന്നിവ ഉണ്ടായിരിക്കും. ഞായറാഴ്ച സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

## സാഹിത്യ രചനകൾ ക്ഷണിക്കുന്നു

**ന്യുയോർക്ക്:** കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്തമേരിക്ക രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പുതിയ എഴുത്തുകാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോർത്തമേരിക്കയിലുള്ള എല്ലാ മലയാളി പെന്തക്കോസ്ത് പ്രാദേശിക സഭകളിലെയും രചയിതാക്കളിൽ നിന്നും കവിത, ഉപന്യാസം, കഥാരചന, ലേഖനങ്ങൾ, കാർട്ടൂൺ ചിത്രങ്ങൾ തുടങ്ങി സത്യവേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള

ജ്യോതിമാർഗ്ഗം
വാർത്താ പത്രിക

EDITORIAL BOARD

MANAGING EDITOR
Pr. J.Joseph
CHAIRMAN
Pr. Thomas V. Thomas
CHIEF EDITOR
Evg. P.I. Abraham
PUBLISHER
Pr. P.G. Mathews
GENERAL EDITOR
Jaise Pandanad
RESIDENT EDITOR
Pr. Shaji Idukki
MANAGER
Pr. Shaiju Thomas
EDITORS
Rev. P.P. Kurian
Thomas Thonnackal
Thomas Joseph
Pr. Finny Joseph
Jaimohan Athirunkal
Pr. Biju Thankachan, Mumbai
Pr. Sovi Mathew
Pr. Biju Joy
OVERSEAS EDITORS
Roy Mepral
Rev. Johnson Zachariah
Rev. Sunny Thazhampallom
USA CO-ORDINATOR
Pr. Abraham Mathew
STATE CO-ORDINATOR
Pr. Saji George
CO.ORDINATORS
Mathew Varghese, New York
Rev.Eldho Mappalail-Western Canada
Evag.Wilson Varghese-Eastern Canada
Shaji Vennikulam - Atlanta
Thomas Koshy - Bahrain
Faith Abraham - Oman
Tiju Raj - Kuwait

ADVISORY BOARD
Pr. O.J. Mathew
Pr. Issac Simon
Pr. C.C.Thomas

ജ്യോതിമാർഗ്ഗം
വാർത്താപത്രിക
വാർഷീക വരിസംഖ്യ
ഇൻഡ്യയിൽ: 150 രൂപ
യുഎസ്എ & കാനഡ:
US $ 30
യൂ.കെ.: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂ

വരിസംഖ്യ അയക്കേണ്ട വിലാസം
JYOTHIMARGOM
P.O. BOX - 15
ERAVIPEROOR P.O.,
THIRUVALLA - 689 542, KERALA
Ph: 9447455820
Mob: 9048869944

എഡിറ്റോറിയൽ

# സഭാ ശുശ്രൂഷകന്മാരുടെ സ്ഥലമാറ്റകാലം



പാസ്റ്റർ ജെ. ജോസഫ്

**പ**ല കാരണങ്ങളാലും ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റം ഇന്ന് ഒഴിച്ചുകൂടാനാകാത്തതാണ്. എന്നാൽ അതു സഭകളിലും ശുശ്രൂഷകന്മാരിലും ദൈവീക പ്രവർത്തനങ്ങളിലും ഉണ്ടാക്കുന്ന ദോഷം വളരെ വലുതായിക്കൊണ്ടിരിക്കുകയാണ്. ഒരു ശുശ്രൂഷകനേയും കുടുംബത്തേയും സംബന്ധിച്ച് സ്ഥലമാറ്റം ക്ലേശകരമായ ഒന്നാണ്. കഴിഞ്ഞ ചില വർഷങ്ങൾ ഒന്നിച്ച് ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്ത വിശ്വാസികളെ വിട്ടു പിരിയുന്നതിലുള്ള മനോവിഷമം ഒരു വശത്ത്. പുതിയ സ്ഥലത്തേക്കുള്ള യാത്രാ ഒരുക്കങ്ങൾ, പുതിയ സ്ഥലത്ത് എത്തി വീട്ടുപകരണങ്ങൾ ഉൾപ്പെടെയുള്ളവ ക്രമീകരിക്കുവാനുള്ള ബദ്ധപ്പാട്, മക്കളുടെ വിദ്യാഭ്യാസത്തിന് സഹായകരമായ സ്ഥാപനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഓട്ടം തുടങ്ങി അനേക വിഷയങ്ങൾ പാഴ്സനേജു വാസികളെ അലട്ടുന്നു. സഭയെ സംബന്ധിച്ച് സ്ഥലം മാറിപ്പോകുന്ന ശുശ്രൂഷകനെ മാന്യമായി യാത്ര അയയ്ക്കുവാനുള്ള ബദ്ധപ്പാട്, പോകുന്ന ശുശ്രൂഷൻ ഉണ്ടാക്കിയ മുറിപ്പാടുകൾ, പുതിയ ശുശ്രൂഷകൻ ഏതു രീതിക്കാരനാണെന്നുള്ള സന്ദേഹം ഇത്യാദി വിഷയങ്ങൾ സഭയെ അലട്ടുന്നവയാണ്.

സ്ഥലം മാറ്റത്തിനായി ശുശ്രൂഷകന്മാരും സഭകളും കണ്ടെത്തുന്ന കാരണങ്ങൾ പലപ്പോഴും നീതീകരിക്കുവാൻ കഴിയുന്നതല്ല. ശുശ്രൂഷകനെ അലട്ടുന്ന ഏറ്റവും വലിയ വിഷയം സാമ്പത്തീകമാണ്. തന്റേയും കുടുംബത്തിന്റേയും സന്ധാരണത്തിനും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനും ഭാരിച്ച സാമ്പത്തീക ബാധ്യതകൾ ഉണ്ടാകുന്നു. പലപ്പോഴും സഭയ്ക്കു അതു താങ്ങുവാൻ കഴിയാതെ വരും. ഒരു നന്മ ഉണ്ടാകുമെന്നു തോന്നുന്ന സഭ ആഗ്രഹിക്കുന്നതു കുറ്റമാണോ? എന്നാൽ സർവ്വ ശക്തനായ ദൈവം തന്റെ ശുശ്രൂഷയ്ക്കായി വിളിച്ചാക്കിയാൽ സ്ഥിതി അറിഞ്ഞു പ്രവർത്തിക്കുവാൻ അവിടുന്ന് മതിയായ ദൈവമാണ്. ആകയാൽ സാമ്പത്തീകം സ്ഥലമാറ്റത്തിനുള്ള പ്രധാന ഉപാധിയായി മാറരുത്. അതുപോലെ തന്നെ ഏല്പിച്ച ദൗത്യത്തെക്കുറിച്ചുള്ള പൂർണ്ണ ബോധ്യം ശുശ്രൂഷനുണ്ടാകണം. ഒരു ദേശത്തേക്ക് ദൈവം അയയ്ക്കുമ്പോൾ അവിടെയുള്ള സഭയുടെ അഭിവൃദ്ധി മാത്രമല്ല ദേശത്തിന്റെ വിടുതലും ദൈവീക പദ്ധതിയിൽ ഉൾപ്പെടുന്നു.

സഭ നിലനില്ക്കുന്ന പ്രദേശത്തെയും ദേശ നിവാസികളേയും കുറിച്ചുള്ള ശരിയായ അറിവ് ലഭിക്കുവാൻ കുറഞ്ഞത് രണ്ടു വർഷം വേണ്ടി വരും. ആ ദേശത്തെ സുവിശേഷീകരിക്കുവാൻ ഈ അറിവ് അത്യന്താപേക്ഷിതമാണ്. കൂടെക്കൂടെ ഉണ്ടാകുന്ന സ്ഥലം മാറ്റം മൂലം ശുശ്രൂഷകനേയും സഭയേയും തമ്മിൽ അകറ്റുന്നതിനു ഇതു കാരണമാകുകയും ചെയ്യും. അതു കൊണ്ട് മെച്ചമായ സഭ തേടുന്നതിനു മുമ്പ് താൻ ആയിരിക്കുന്ന സ്ഥലം സഭയിൽ, ദേശത്ത് ദൈവം തന്നെ ഏല്പിച്ച ദൗത്യം പൂർത്തീകരിച്ചോയെന്ന് ഒരോ ശുശ്രൂഷകനും സ്വയം പരിശോധന നടത്തണം.

ശുശ്രൂഷകനെ സ്ഥലം മാറ്റിക്കുവാൻ ശ്രമിക്കുന്ന ഓരോ സഭയും ശുശ്രൂഷകന്റെ നന്മയും തിന്മയും ആരാഞ്ഞ് മാർക്കിടുന്നതിനു മുമ്പേ ശുശ്രൂഷകന് തന്റെ ദൗത്യം സഭയിലും ദേശത്തും ചെയ്തു തീർക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കിയിരുന്നുവോയെന്ന് ചിന്തിക്കണം. സഭയുടെ ദർശനവും താല്പര്യവും അനുസരിച്ചേ ശുശ്രൂഷകന് നില്ക്കുവാൻ കഴിയൂ. സുവിശേഷ ദർശനമില്ലാത്ത സഭയുടെ ശുശ്രൂഷൻ മടിയനായി മാറും. പരിശുദ്ധാത്മാവ് അപ്പോസ്തോലപിതാക്കന്മാരെയും ആദ്യകാല ദൈവ ദാസന്മാരെയും ഓരോ ദേശത്തേക്ക് നിയോഗിച്ച് അയ്യ്ക്കുകയായിരുന്നു. അവർ അവിടെ ചെന്ന് സുവിശേഷം അറിയിച്ച് ആത്മാക്കളെ നേടി അവർ സഭകൾ സ്ഥാപിക്കുകയായിരുന്നു. ഇന്ന് ആ സ്ഥിതിമാറി. ഒരു പുതിയ സ്ഥലത്ത് ചെന്ന് പ്രവർത്തിച്ചു സഭ സ്ഥാപിക്കുന്നതിനു പകരം മറ്റുള്ളവർ അദ്ധ്വാനിച്ചുണ്ടാക്കിയ സഭകളിൽ ശുശ്രൂഷിക്കുവാനാണ് മിക്ക ദൈവദാസന്മാർക്കും താല്പര്യം.

പുതിയ സഭയിലേക്കു നിയമനം ലഭിക്കുമ്പോൾ അവിടെ എന്തൊക്കെയുണ്ട് എന്ന് അന്വേഷിക്കുന്നതിനേക്കാൾ ദൈവഹിതമാണ് എന്നു ബോധ്യം വന്നാൽ പോകുവാൻ തയ്യാറാകുക. വേണ്ടതെല്ലാം നല്കി ആദരിക്കുവാൻ ദൈവം മതിയായവനാണ്. അതുപോലെ ഓരോ സഭയും ശുശ്രൂഷകന്മാരെ സ്വീകരിക്കുമ്പോൾ അവരുടെ കഴിവോ വാക്ചാതുര്യമോ പ്രസിദ്ധിയോ നോക്കാതെ അവരിൽ വ്യാപരിക്കുന്ന ദൈവ കൃപയെ വേണം മാനദണ്ഡമാക്കുവാൻ. മറ്റ് എന്തൊക്കെയുണ്ടായാലും ശുശ്രൂഷയില്ലായെങ്കിൽ അഥവാ സുവിശേഷീകരണ ദർശനമുള്ള ആളല്ലായെങ്കിൽ സഭയ്ക്കു അതു ഗുണത്തേക്കാൾ ഏറെ ദോഷമുണ്ടാക്കും. ആകയാൽ സ്ഥലമാറ്റ സമയമാകുമ്പോൾ ശുശ്രൂഷയുള്ള ദൈവദാസനെ ലഭിക്കുവാൻ സഭ പ്രത്രേകമായി പ്രാർത്ഥിക്കണം.

പാസ്റ്ററും കുടുംബവും തങ്ങളുടെ ഭാഗമാണ് എന്നും തങ്ങളെപ്പോലെ അവരും ഈ മാറുന്ന ലോകത്തിലാണ് ജീവിക്കുന്നത് എന്നും വിശ്വാസികൾ മനസ്സിലാക്കണം. പാസ്റ്ററുടെ ശുശ്രൂഷ ഫലവത്തായിത്തീരണമെങ്കിൽ ഏറ്റവും അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പാഴ്സനേജിൽ ഉൾപ്പെടെയുണ്ടെന്ന് സഭ ഉറപ്പാക്കണം. അതുപോലെ സഭയുടെ പോരായ്മകൾ മനസ്സിലാക്കി സഹകരിക്കുവാൻ ശുശ്രൂഷകനും തയ്യാറാകണം. സഭാംഗങ്ങൾ തങ്ങൾ പറയുന്നതെല്ലാം ചെയ്യുവാനുള്ളവരാണ് എന്ന് ഒരിക്കലും ചിന്തിക്കരുത്. തങ്ങളുടെ ശുശ്രൂഷകനിൽ നിന്ന് സഭ പ്രതീക്ഷിച്ച ശുശ്രൂഷയും സ്നേഹവും ഉണ്ടായാൽ അങ്ങോട്ടു ആവശ്യപ്പെടാതെ മാന്യമായി വേണ്ടതെല്ലാം ഒരുക്കുവാൻ സഭക്കാർ തയ്യാറാകും.

പബ്ലിഷർ എഴുതുന്നു

# അത്ഭുതം പ്രവർത്തിക്കുന്ന ദൈവം



പാസ്റ്റർ പി. ജി. മാത്യൂസ്
9446283230

**ആ**ർത്തുപാടി സന്തോഷിച്ച് ഒരു സംഘം വിനോദയാത്രയ്ക്ക് പോകുന്നു. ഈ കൂട്ടത്തിൽ തങ്ങളുടെ അവധിക്കാലം ആഘോഷിക്കുന്ന സ്കൂൾ വിദ്യാർത്ഥികളും വൈദിക വിദ്യാർത്ഥികളുമുണ്ട്. പ്രകൃതി ഒരുക്കിയിരിക്കുന്ന ബീച്ചുകൾ, പുരാവസ്തു ശേഖരങ്ങളുള്ള മ്യൂസിയം, കാഴ്ചബംഗ്ലാവ് തുടങ്ങിയ വിനോദ സഞ്ചാരസ്ഥലങ്ങൾ ഇവർ സഞ്ചരിക്കുന്നു. അന്വേഷണ കുതുഹികളായ ചില വിദ്യാർത്ഥികൾ തങ്ങളുടെ ഡയറികളിൽ എന്തൊക്കെയോ കുറിക്കുന്നു. സമുദ്രതീരത്തെത്തിയ ആ സംഘത്തിലെ ഒരു വൈദിക വിദ്യാർത്ഥി നോക്കെത്താത്ത ദൂരത്തിൽ വ്യാപിച്ചു കിടക്കുന്ന സമുദ്രത്തെ നോക്കി വിളിച്ചു പറഞ്ഞത്, "വിശാലമായ സമുദ്രം അതാ കിടക്കുന്നു എന്നെഴുതിയിരിക്കുന്ന സങ്കീർത്തനഭാഗം ആണ്.

അവരിൽ ചിലർ തങ്ങൾ കണ്ട കാഴ്ചകളോടു ചേർത്തു എഴുതിയിരിക്കുന്ന തിരുവെഴുത്തുകൾ ഉരുവിടുവാൻ തുടങ്ങി. കാഴ്ചബംഗ്ലാവിൽ കാട്ടുപോത്തുകളുടെ കൂട്ടത്തെക്കണ്ട തോമസ് ഉദ്ധരിച്ചത്, "കാട്ടുപോത്തുകളുടെ കൊമ്പുകൾക്കിടയിൽ നീ എനിക്ക് ഉത്തരം അരുളുന്നു എന്ന ഭാഗമാണ്. മാൻപേടകളെ കണ്ടപ്പോൾ "മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു എന്ന ഭാഗമാണ്. വിവിധയിനം പാമ്പുകൾ കാഴ്ചബംഗ്ലാവിന്റെ വശത്തുണ്ട്. ആക്കൂട്ടത്തിൽ അണലിയുമുണ്ട്. അണലി വിഷം അവരുടെ നാവിലുണ്ട് എന്ന പരാമർശവും ചിലർ ഓർത്തു. പക്ഷിക്കൂട്ടത്തിൽ മരുഭൂമിയിലെ വേഴാമ്പലും ശൂന്യ സ്ഥലത്തെ മൂങ്ങയും ഉറക്കിളച്ച് വീടിൻ മുകളിൽ തനിച്ചിരിക്കുന്ന കുരുവികളും ഒക്കെയുണ്ട്. മൂന്നുദിവസത്തെ ഉല്ലാസ യാത്രയ്ക്കുശേഷം സംഘം മടങ്ങിയെത്തി. നല്ല ശിക്ഷണത്തിൽ വളരുന്ന കുട്ടികൾ തങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഡയറി എഴുതാറുണ്ടല്ലോ. ബ്രദർ തിമോത്തി ബൈബിൾ കൃത്യമായും ധ്യാനിച്ചും വായിക്കുന്ന ഒരാളാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഈ യാത്ര വെറുമൊരു ഉല്ലാസയാത്രമാത്രമായിരുന്നില്ല. വസ്തുതകളെ സൂക്ഷ്മമായി പഠിച്ച് ഒരു റിപ്പോർട്ട് അവതരിപ്പിക്കണം. മൂന്നു ദിവസത്തെ യാത്രക്കുറിപ്പ് ഡയറിയിൽ ഒരാമുഖക്കുറിപ്പ് എഴുതണം. അതിനു നമ്മുടെ വൈദിക വിദ്യാർത്ഥി ബൈബിളിലേക്ക് തിരിഞ്ഞു. ഇയ്യോബിന്റെ പുസ്തകത്തിലെ ചില വാക്യങ്ങൾ ശ്രദ്ധയിൽ പെട്ടു. ആ തിരുവെഴുത്തിന്റെ ഭാഗങ്ങൾ തന്റെ യാത്രാവിവരണത്തിന്റെ ആമുഖക്കുറിപ്പായിക്കുറിച്ചു വച്ചു. "മൃഗങ്ങളോടു ചോദിക്ക അവ നിന്നെ ഉപദേശിക്കും ആകാശത്തിലെ പക്ഷികളോടു ചോദിക്ക അവ നിനക്കു പറഞ്ഞു തരും. അല്ല ഭൂമിയോട് സംഭാഷിക്ക അതുനിന്നെ ഉപദേശിക്കും, സമുദ്രത്തിലെ മത്സ്യം നിന്നോടു വിവരിക്കും." ഇയ്യോബ് 12:7,8. ഡയറിയിൽ കുറിച്ച ഈ ആമുഖ വചനങ്ങൾ പഠിച്ചുകൊണ്ട് തിരുവെഴുത്തിൽ നിന്നും ചില ചിന്തകൾ എഴുതുവാൻ നമ്മുടെ ഗവേഷണ വിദ്യാർത്ഥി തയ്യാറാകുന്നു. മൃഗങ്ങളോടു ചോദിക്ക അവ നിന്നെ ഉപദേശിക്കും എന്ന ഇയ്യോബിന്റെ പ്രസ്താവന പഠനവിഷയമാക്കുകയാണ്. മൃഗങ്ങളുമായി ബന്ധപ്പെട്ട ചില ചരിത്രസംഭവങ്ങൾ ബൈബിളിലുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്ന് ബിലെയാമിനോട് കഴുത സംസാരിക്കുന്നതാണ്. ബിലെയാം അനുസരണക്കേടിന്റെ പ്രവാചകനാണല്ലോ. സംഖ്യ പുസ്തകം വായിച്ചാൽ ബിലെയാമിനെ വെള്ളപൂശിയ ഒരു പ്രവാചകനായിട്ടു മാത്രമേ കാണുകയുള്ളൂ. ദൈവജനത്തെ ശപിക്കു

> മൃഗങ്ങളുമായി ബന്ധപ്പെട്ട ചില ചരിത്രസംഭവങ്ങൾ ബൈബിളിലുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്ന് ബിലെയാമിനോട് കഴുത സംസാരിക്കുന്നതാണ്. ബിലെയാം അനുസരണക്കേടിന്റെ പ്രവാചകനാണല്ലോ. സംഖ്യ പുസ്തകം വായിച്ചാൽ ബിലെയാമിനെ വെള്ളപൂശിയ ഒരു പ്രവാചകനായിട്ടു മാത്രമേ കാണുകയുള്ളൂ. ദൈവജനത്തെ ശപിക്കുവാനായി ബാലാക്ക് ബിലെയാമിനെ കൊണ്ടുപോകുന്നു.

(ശേഷം പേജ് 3)



# കലുക്ഷിതമാകുന്ന സ്വാശ്രയ വിദ്യഭ്യാസം



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

ഇന്ന് കേരളത്തിൽ ഏറ്റവും അധികം ചർച്ച് ചെയ്യപ്പെടുന്ന ഒന്നാണ് സ്വാശ്രയ വിദ്യഭ്യാസ രംഗം. ഒരു സമയത്ത് കേരളത്തിലെ കുട്ടികൾ ഉന്നത വിദ്യഭ്യാസത്തിനായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുക ആയിരുന്നു പതിവ്. കാരണം നമ്മുടെ സംസ്ഥാനത്ത് അത്തരം വിദ്യഭ്യാസ സ്ഥാപനങ്ങളിൽ ഇല്ലായിരുന്ന എന്നതായിരുന്നു. ആ സ്ഥിതി തുടരുമ്പോൾ കേരളത്തിനു പുറത്ത് പഠിക്കുന്ന കുട്ടികൾ അവർ കോളേജുകളിൽ അനുഭവിക്കുന്ന പീഡന കഥകൾ ചില സമയങ്ങളിൽ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു എങ്കിലും അത് വലിയ വാർത്താ പ്രധാന്യം നേടാതെ തമസ്കരിക്കപ്പെടുന്നതായാണ് കണ്ടു വന്നിരുന്നത്. ഇത്തരം വാർത്തകൾ പുറത്തു വന്നതിനെ തുടർന്നാണ് സ്വാശ്രയ കോളേജുകൾ കേരളത്തിലും എന്ന ആശയം ഉരുത്തിരിഞ്ഞു വന്നതും അതിനു വേണ്ടിയുള്ള പരിശ്രമവും പ്രവർത്തനവും നമ്മുടെ സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ ഊർജ്ജിതമായും അതിന്റെ ഫലം കണ്ടതും. മറ്റൊരു കാരണം കേരളത്തിന്റെ സാമൂഹിക ഘടനയിൽ വന്ന മാറ്റങ്ങൾ സ്വാശ്രയ വിദ്യാഭ്യാസത്തിന് മണ്ണൊരുക്കിയ വലിയ ഘടകങ്ങളായിരുന്നു. ഗൾഫ് കുടിയേറ്റത്തോടെ വന്നുചേർന്ന സാമ്പത്തിക അഭിവൃദ്ധി, കൂട്ടു കുടുംബത്തിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള ധ്രുതഗതിയിലുള്ള മാറ്റം, സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും പിന്നീട് സാമ്പത്തികമായി മികച്ച നില കൈവരിക്കുകയും ചെയ്തവരുടെ വിദ്യാഭ്യാസത്തോടുള്ള അഭിനിവേശം, കേരളത്തിന്റെ സാമ്പത്തിക വിഭവം അന്യസംസ്ഥാനങ്ങളിലേക്ക് വ്യാപകമായി ഒഴുകിയത്, ആഗോള മാർക്കറ്റിൽ പ്രഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് ലഭിച്ച ഉയർന്ന ശമ്പളം തുടങ്ങിയവ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തി. അങ്ങനെ കേരളത്തിലും സ്വാശ്രയ വിദ്യഭ്യാസ കോളേജുകൾ സജീവമായി. നിലവിൽ കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ കൂടുതലാണ് എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. തൽഫലമായി കേരളത്തിലെ പല കോളേജുകളിലും വിദ്യാർത്ഥികളെ ലഭിക്കാതെ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥയാണ്. അതു കൊണ്ട് തന്നെ കേരളത്തിൻെറ സമീപകാല ചരിത്രത്തിലൊന്നും വിവാദങ്ങളില്ലാത്ത സ്വാശ്രയ വിദ്യാഭ്യാസം ഉണ്ടായിട്ടില്ല. ഫീസും സീറ്റും നിശ്ചയിക്കുന്നതിൽ കോളജ് ഉടമകളും സർക്കാറും നടത്തുന്ന ചർച്ചകളെയും അതിനത്തെുടർന്ന് രൂപപ്പെടുത്തുന്ന കരാറുകളെയും ചുറ്റിപ്പറ്റിയാണ് എല്ലാവിവാദങ്ങളും അരങ്ങേറുക. സ്വാശ്രയ വിദ്യാഭ്യാസ മേഖലയെക്കുറിച്ച ചർച്ചകൾതന്നെ ഈ വിഷയങ്ങളിലേക്ക് പരിമിതപ്പെട്ടുകഴിഞ്ഞു. എന്നാൽ ഈ പതിവ് ചർച്ചകളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണ കൂടുതൽ സങ്കീർണമായ പ്രതിസന്ധിയാണ് സ്വാശ്രയ മേഖലയിലുണ്ടായിരിക്കുന്നത്.

എന്താണ് സ്വാശ്രയ വിദ്യഭ്യാസ സ്ഥാപനം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. സ്വയാശ്രയ സ്ഥാപനം എന്നാൽ വരവുചിലവുകൾ സ്വന്തമായി നിയന്ത്രിക്കാൻ കഴിവുള്ള സ്ഥാപനം എന്നർത്ഥം. രണ്ട് സ്വാശ്രയ കോളജ് സമം ഒരു സർക്കാർ കോളജ് എന്നതായിരുന്നു സ്വാശ്രയ കോളജുകൾ ആരംഭിക്കുമ്പോൾ മുന്നോട്ടുവെച്ച ആശയം. വിദ്യാഭ്യാസം പൊതുസംവിധാനത്തിലൂടെ മാത്രമെന്ന വിശ്വാസത്തിലുറച്ചുപോയ കേരളീയ പൊതുമനസ്സാക്ഷിയെ സ്വാശ്രയ മേഖലയോട് ഇണക്കിയെടുക്കാൻ മുഖ്യമന്ത്രിയായിരുന്ന എ.കെ. ആൻറണിയാണ് ഈ തത്വം മുന്നോട്ടുവെച്ചത്. കോളജുകൾ പകുതി സീറ്റ് സർക്കാറിന് വിട്ടുകൊടുക്കുക, അതിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഈടാക്കി മിടുക്കരായ വിദ്യാർഥികൾക്ക് മെറിറ്റടിസ്ഥാനത്തിൽ പ്രവേശം നൽകുക, അവശേഷിക്കുന്ന പകുതി സീറ്റിൽ മാനേജ്മെൻറുകൾ തന്നെ ഫീസ് നിശ്ചയിക്കുകയും കുട്ടികളെ തെരഞ്ഞെടുക്കുകയും ചെയ്യുക ഇതായിരുന്നു 50:50 സങ്കൽപത്തിൻെറ അടിസ്ഥാനം. തുടക്കത്തിൽ ഇതിനനുസൃതമായ രീതിയിൽ തന്നെയാണ് കാര്യങ്ങൾ ഏറെക്കുറെ നീങ്ങിയത്. എന്നാൽ സ്വകാര്യ നിക്ഷേപകർ അവരുടെ വ്യവസായത്തിന് കൂടുതൽ ലാഭകരമായ വഴികളന്വേഷിച്ച് തുടങ്ങിയതോടെ ഇത് അപരിഹാര്യമായ സങ്കീർണതകളിലേക്ക് വഴിതിരിഞ്ഞു. വിവിധ ഹൈക്കോടതികളിലും സുപ്രീംകോടതിയിലുമായി നൂറുകണക്കിന് കേസുകൾ വന്നു. അതിന്റെ പരിണിത ഫലമായി സർക്കാരിന്റെ സഹായം കൂടാതെ സ്വന്തമായി വരവ് ചിലവുകൾ നീയന്ത്രിച്ച് നടത്തപ്പെടുന്ന കോളേജുകളിൽ എത്രയെണ്ണം നല്ല നിലവാരം പുലർത്തുന്നുണ്ടെന്നത് ചിന്തിക്കേണ്ട ഒരു വിഷയമാണ്. വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ നല്ല വിദ്യഭ്യാസ സാഹചര്യങ്ങൾ ഒരുക്കപ്പെടുന്നുണ്ടോ, വിജയ ശതമാനത്തിന്റെ കാര്യത്തിൽ സർക്കാർ കോളേജുകളേക്കാൾ നല്ല നിലവാരം പുലർത്തുവാൻ ഇത്തരം വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടോ എന്ന് ഒരു വിചിന്തനം നടത്തുന്നത് നല്ലതായിരിക്കും. ഒരു കാര്യം ഏവരും അറിഞ്ഞിരിക്കണം നമ്മുടെ സമൂഹം വിദ്യഭ്യാസത്തിന് ഉന്നത ലക്ഷ്യങ്ങളും ഉയർന്ന മാനദണ്ഡങ്ങളുമാണ് കല്പിച്ചിട്ടുള്ളത്. യവനായ ചിന്തകനായ സോക്രട്ടീസിന്റെ നിർവചനം, സത്യം കണ്ടെത്തലാണ് വിദ്യഭ്യാസം എന്നാണ്. പക്ഷെ ഇവിടെ വിദ്യഭ്യാസം വാണിജ്യവല്ക്കരണത്തിന്റെ പരിണാമമെന്ന വണ്ണം അസത്യങ്ങളുടേയും അർധ സത്യങ്ങളുടേയും കൂടാരമായിരിക്കുന്നു. ധനാധിപത്യം നമ്മുടെ വിദ്യഭ്യാസ മേഖലയെ മരണത്തിന്റെ വക്കിൽ വരെ എത്തിച്ചിരിക്കുന്നു. കേരള സമൂഹത്തിൽ ഇതുണ്ടാക്കിയ നാശനഷ്ടം കേവലം കണക്കെടുപ്പിൽ ഒതുങ്ങുന്നതല്ല. ചരിത്ര ഗതിയിൽ രാജ്യത്തെയും ജനതയെയും ഒന്നിപ്പിക്കേണ്ട നിയമ ശക്തിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസ വാണിഭക്കാർ ഇവയെ വിജ്ഞാനോല്പാദനത്തിൽ നിന്നും സമ്പത്തുല്പാദന കേന്ദ്രങ്ങളാക്കി തരംതാഴ്ത്തി. കോടികൾ വാങ്ങിയാണ് ഇന്ന് പല വിദ്യാഭ്യാസ സഥാപനങ്ങളും പ്രവർത്തിക്കുന്നത്. മാനവ വികാസമെന്ന പരമമായ ലക്ഷ്യത്തിൽ നിന്ന് വിട്ടുമാറി വിദ്യഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിതാല്പര്യക്കാരുടെ അജണ്ടകൾ നടപ്പിലാക്കുന്ന സമുച്ചയങ്ങളായി മാറ്റപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തെ വാണിജ്യതാല്പര്യത്തിനു വേണ്ടി കൊണ്ടുനടക്കാതെ വിദ്യ അഭ്യസിക്കുന്നതിലേക്ക് എത്തിതീരട്ടെ. സ്വാശ്രയ വിദ്യഭ്യാസം മൂല്യതകർച്ച സംഭവിക്കുന്നതിൽ വിദ്യഭ്യാസ കച്ചവടക്കാരും മാറി മാറി വരുന്ന ഭരണകൂടങ്ങളും തുല്യ പങ്കാളികളാണ് എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. വിദ്യാഭ്യാസ മേഖലയേയും സേവനം എന്ന കാഴ്ചപാടിൽ നിന്നും മാറ്റി കച്ചവടവത്കരിക്കുന്നതിൽ വികസന കാലഘട്ടം വിജയിച്ചു. ലാഭം മാത്രം നോക്കി പ്രവർത്തിക്കുന്ന സ്ഥാപിതതാൽപര്യക്കാരും, കുറവുകളും നിയമ ലംഘനങ്ങളും കാഴ്ചക്കാരായി നിസംഗതയോടെ നോക്കി ഇരിക്കുന്ന പ്രതികരണശേഷി നടപെട്ട സമൂഹവും, പ്രശ്നങ്ങൾ കൂടി വന്നാൽ പ്രസ്താവനകളിൽ മാത്രം ഒതുങ്ങുന്ന പ്രതികരണവും സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. സ്വാശ്രയ സ്ഥാപനങ്ങൾ വിദ്യഭ്യാസ മേഖലയുടേയും ആരോഗ്യ മേഖലയുടേയും തകർച്ചക്ക് ഒപ്പം കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥിതിയിൽ വരുത്തുന്ന ആഘാതങ്ങളും പലപ്പോഴും കാണാതെ പോകുന്നു. സ്വാശ്രയവിവാദങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിലുള്ള സാഹചര്യവും സാമൂഹികാവസ്ഥയുമല്ല നിലവിലുള്ളത്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ നിലവാരം, വിവിധ ജനവിഭാഗങ്ങളുടെ പങ്കാളിത്തം, തൊഴിൽ ലഭ്യത, നിയമനിർമാണത്തിലെ അപര്യാപ്തതയും കാലതാമസവും, സ്വാശ്രയ സ്ഥാപനങ്ങളുടെ സാമ്പത്തിക പുരോഗതി, അധ്യാപകരുടെ നിലവാരം, വിദ്യാർഥികളോടുള്ള സമീപനം, സ്വാശ്രയ സ്ഥാപനങ്ങളിലെ ജനാധിപത്യമൂല്യങ്ങളുടെ സംരക്ഷണം തുടങ്ങിയ വിവിധ വശങ്ങൾ ഉൾപ്പെടുത്തി ഒരു സോഷ്യൽ ഓഡിറ്റിന് സ്വാശ്രയ വിദ്യാഭ്യാസത്തെ വിധേയമാക്കണം. ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സ്ഥിരം പ്രതിഷേധവും മുതലകണ്ണീർ ഒഴുക്കുന്നതും അല്ലാതെ പ്രായോഗിക തലത്തിൽ കാര്യക്ഷമായ ഇടപെടൽ നടത്താൻ പോലും ആരും തയ്യാറാകുന്നില്ല എന്നതാണ് സത്യം. അസംഘടിതർ ആയ സാധാരണക്കാർ എന്നും ചൂഷണങ്ങൾക്ക് വിധേയർ ആയി ജീവിതം തള്ളി നീക്കുന്നു. മാറ്റങ്ങൾ വരുത്താൻ കാലഘട്ടത്തിനും മനുഷ്യർക്കും കഴിയുമൊ എന്ന് കാത്തിരുന്ന് കാണാം.

## അത്ഭുതം പ്രവർത്തിക്കുന്ന ദൈവം

(2-ാംപേജ് തുടർച്ച)

വാനായി ബാലാക്ക് ബിലെയാമിനെ കൊണ്ടുപോകുന്നു. ഇവിടെ വാസ്തവത്തിൽ എന്താണ് സംഭവിച്ചത്. ഈ സംഭവത്തിനുശേഷം അനേക വർഷങ്ങൾ കഴിഞ്ഞെഴുതിയ തിരുവെഴുത്തിൽ ബിലെയാമിനുണ്ടായ കുഴപ്പത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ബിലെയാം കൂലി കൊതിച്ച് പ്രവചനത്തിനായി പോയി എന്നു മനസ്സിലാക്കുക. ഏതായാലും കഴുത സംസാരിച്ചത് ഒരു ചരിത്ര സംഭവമാണ്. ദൈവാലോചന വിട്ടുപോയ ബിലെയാമിന് ഇതൊരു സാധാരണ സംഭവം പോലെയേ മനസ്സിലാക്കാൻ സാധിച്ചുള്ളൂ. എന്നാൽ അതൊരത്ഭുതമാണ്. അദ്ദേഹത്തിന്റെ ഭാവം കണ്ടാൽ ആ കാലത്തിലെ എല്ലാ കഴുതകളും സംസാരിച്ചു കൊണ്ടിരുന്നു എന്നു തോന്നിപ്പോകും. ഈ അസാധാരണ സംഭവത്തിൽ നിന്നും ഒരു പാഠം പഠിക്കുവാൻ തുനിഞ്ഞില്ല. ബിലെയാമിന്റെ വഴിയിൽ യാതൊരു ദൈവോദ്ദേശവും ഇല്ലായിരുന്നു. ദൈവോദ്ദേശത്തിനു വിപരീതമായി യാത്ര ചെയ്ത പ്രവാചകനെ ബുദ്ധി പഠിപ്പിക്കുവാൻ ദൈവം കഴുതയിലൂടെ സംസാരിക്കുകയാണിവിടെ. ഊരിപ്പിടിച്ച വാളുമായി മുൻപിൽ നിൽക്കുന്ന ദൂതനെകണ്ട് കഴുത നിന്നു. എന്നാൽ പോകരുതാത്ത വഴിയിലൂടെ പോകുവാൻ ബിലെയാം തന്റെ കഴുതയെ അടിക്കുന്നു. അപ്പോൾ ദൈവം മൃഗത്തിന്റെ വായ് തുറന്നു. ബിലെയാമിനോട് അതു ചോദിക്കുന്നത് നീ എന്നെ അടിക്കുന്നതെന്ത്? കഴുത ബിലെയാമിനോട് സംസാരിച്ചത് ഒരു ചരിത്രസംഭവമാണ്. പോകരുതാത്ത വഴിയിലൂടെ പോകുമ്പോൾ ദൈവം ചില സിഗ്നലുകൾ കാണിക്കും. ഇവിടെ കഴുത ഒരു സിഗ്നലായിതീരുകയാണ്. ഇതൊരു റെഡ് സിഗ്നലാണ്. ഇതിലെ പോകുവാൻ ദൈവം അനുവദിക്കുന്നില്ല. പ്രവാചകാ ദൈവേഷ്ടമല്ലാത്ത വഴിയിലൂടെ പോകുവാൻ നീ എന്നെ നിർബന്ധിച്ച് അടിക്കുന്നതെന്ത് എന്നാണ് കഴുത ചോദിച്ചത്.

മൃഗങ്ങൾ സന്ദേശം നല്കിയ ചില സന്ദർഭങ്ങൾ ബൈബിൾ സംഭവങ്ങളിലുടെ നമുക്കു കാണാം. എന്നാൽ വാക്കുകളിലൂടെ സംസാരിച്ചത് ബിലെയാമിന്റെ കഴുത മാത്രമേയുള്ളൂ.

വാക്കും ഭാഷണവും കൂടാതെ മൃഗങ്ങൾ ഗുണപാഠമായി മാനവരോടു സംസാരിച്ച പല സംഭവങ്ങളുണ്ട്. അതിലൊന്ന് ദാനിയേലിന്റെ കാലത്തു നടന്ന ഒരു സംഭവമാണ്. ദാനിയേലിനെ രാജാവ് സിംഹക്കുഴിയിലിടുന്നു (ദാനി. 6:16). ഇവിടെ വിശന്നു ദാഹിച്ചിരിക്കുന്ന സിംഹങ്ങൾ ദാനിയേലിനെ ആക്രമിക്കുന്നില്ല. സിംഹം ഹിസ്രസ്വഭാവക്കാരാണ് മാംസഭുക്കുകളാണ്. രാജാവ് പ്രത്യേകം വളർത്തുന്ന സിംഹങ്ങൾക്കുള്ള ഭഷണമായി ചെറുമൃഗങ്ങളെ എറിഞ്ഞു കൊടുക്കാറുണ്ട്. മാനുകളേയും ആടുകളേയും ചിലപ്പോൾ കഠിനശിക്ഷയ്ക്ക് വിധിയ്ക്കപ്പെട്ട മനുഷ്യരേയും സിംഹക്കൂട്ടിലെറിയും. എന്നാൽ ഇവ നിലം പൊത്തുന്നതിനു മുൻപ് സിംഹത്തിനാഹാരമായിത്തീരും. പക്ഷെ ഇക്കുറി സിംഹങ്ങൾ അവകളുടെ വായ് അനക്കുന്നില്ല. അവരുടെ ശരീരത്തിലേക്ക് ദാനിയേൽ വീഴുന്നു. നല്ല കട്ടിയുള്ള സ്പോഞ്ചുമെത്തയിൽ വീഴുന്നതുപോലെ ദാനിയേൽ വീണുകിടക്കുകയാണ്. ഇതൊരത്ഭുതകരമായ സംഭവം തന്നെ. വാക്കും ഭാഷണവും കൂടാതെ; സിംഹങ്ങൾ കരയ്ക്കുനില്ക്കുന്ന രാജാവിനോടും കൂട്ടരോടും ഒരു സന്ദേശം നല്കുകയാണ്. എന്തായിരിക്കും ആ സന്ദേശം. ദാനിയേൽ ദൈവത്തിന്റെ പ്രിയ പുരുഷനാണ്. അവന് സംരക്ഷകരായി ഞങ്ങൾ ഇവിടെയായിരിക്കുന്നു. കാളകൾ തന്റെ ഉടയവനേയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു.

*(തുടരും)*

## ദൈവസഭയുടെ അടിസ്ഥാന പ്രമാണങ്ങൾ

(5-ാംപേജ് തുടർച്ച)

ത്ഥതാൽപര്യങ്ങൾ സംരക്ഷിക്കേണ്ടതിനായി വചനത്തെ വികലമായി വ്യാഖ്യാനിച്ച് ശരിയിൽ നിന്നും ഓടിഒളിക്കുന്നതായാണ് കണ്ടു വരുന്നത്. തിരുവെഴുത്തുകൾ ക്രോഡീകരിച്ചതിൽ ദൈവത്തിന്റെ ആത്മാവിന്റെ സ്വാധീനം വളരെ വ്യക്തമാണ്. എന്നാൽ പരിശുദ്ധാത്മാവോ എഴുത്തുകാരോ ചിന്തികമായി കണ്ടുവരുന്നു. ഇങ്ങനെ വ്യാഖ്യാനിച്ച് ജനങ്ങളുടെ വികാരത്തെ ചൂഷണം ചെയ്ത് മുതലെടുപ്പ് നടത്തിവരുന്നതും ശ്രദ്ധിക്കേണ്ടതാണ്. വചനത്തിൽ വലിയ നിശ്ചയമില്ലാത്തവരുടെ കയ്യടിയാണു വ്യാഖ്യാതാക്കൾ ലക്ഷ്യമിടുന്നത്. അതിൽകൂടി വിലകുറഞ്ഞു പ്രസിദ്ധി നേടുന്നതും ലക്ഷ്യമിടുന്നു. അപ്പോൾതന്നെ ദൈവ വചനത്തിന്റെ കാതലായ സത്യങ്ങളെ മനഃപൂർവം മറച്ചുവയ്ക്കുന്നത് സാധാരണയാണ്. ഈ സമീപനം ഗുണത്തേക്കാളേറെ ദോഷം ചെയ്യും. കീശവീർപ്പിക്കുന്നതാണല്ലോ ആത്യന്തിക ലക്ഷ്യം. വചനത്തെ വചനം കൊണ്ടാണ് വ്യാഖ്യാനിക്കേണ്ടത്. സ്വന്തം യുക്തിയെ മറപിടിച്ച് എന്തെങ്കിലും തട്ടിവിടുന്നതു യുക്തിരാഹിത്യമാണ്.

വ്യവസ്ഥിതി സ്ഥാപിച്ചവനു മാത്രമേ അതിൽ ഭേദഗതി വരുത്താൻ അധികാരമുള്ളൂ. ഇൻഡ്യൻ ഭരണഘടനയിൽ കാലോചിതമായ മാറ്റം ആവശ്യമെന്നു കണ്ടാൽ ഏതെങ്കിലും ഭരണാധികാരിക്കു സ്വന്തംനിലയിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. പാർലമെന്റിനാണ് അതിനുള്ള പരമാധികാരം ഉദാഹരണമായി, മാനസാന്തരം, സ്നാനം, എന്നിവയ്ക്ക് ശേഷമാണു പരിശുദ്ധാത്മസ്നാനം എന്ന ദാനം ലഭിക്കുന്നത്. എന്നാൽ കൊർന്നല്യോസിന്റെ ഭവനത്തിൽ കർത്താവ് ഈ ക്രമത്തിനു ഭേദം വരുത്തി. വചനം കേട്ടവരുടെ മേൽ, അവർ സ്നാനം ഏൽക്കുന്നതിനു മുൻപുതന്നെ പരിശുദ്ധാത്മാവിനെ പകർന്നു. പിന്നീട് അവരെ സ്നാനപ്പെടുത്തിയതായി വായിക്കുന്നു (അപ്പൊ. പ്ര.10:44-48).

അനിവാര്യമായി പാലിക്കേണ്ട അനേകം വിഷയങ്ങൾ ദൈവവചനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ ചില പ്രധാന വിഷയങ്ങളെ പഠനവിധേയമാക്കുന്നതിനുള്ള ശ്രമമാണു ഈ പുസ്തകത്തിൽ. മുൻവിധികൂടാതെ വായിച്ചറിയാനുള്ള മനസ്സൊരുക്കം വായനക്കാരിൽ ഉളവാകേണ്ടതിന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

# തെളിവായി രണ്ട് വസ്ത്രങ്ങൾ



പാസ്റ്റർ പി.പി.കുര്യൻ



ലോകപരമായി നോക്കിയാൽ തൊണ്ടി മുതൽ കണ്ടെത്തിയാൽ അത് കോടതിയിൽ തെളിവായി കൊണ്ടുവരാറുണ്ട്. ഇതിന്റെ പ്രസക്തി വളരെയാണ്. ഈ ലേഖനത്തിലൂടെ വിവിക്ഷിക്കുന്നത് ദൈവവചനത്തിലൂടെ തെളിവിന്റെ വസ്ത്രങ്ങൾ കൊണ്ടുവന്ന ചില വ്യക്തികളെക്കുറിച്ചാണ്. യാക്കോബിന്റെ 12 ആൺ മക്കളിൽ പതിനൊന്നാമനായ യോസേഫിന്റെ വിഷയം എടുത്ത് കാണിപ്പാൻ ആഗ്രഹിക്കുന്നു. ചരിത്രം ഏവർക്കും സുപരിചിതമായതിനാൽ വളരെ സംക്ഷിപ്തമായി എഴുതുവാൻ താല്പര്യപ്പെടുന്നു.

പിതാവിന്റെ താല്പര്യപ്രകാരം സഹോദരന്മാരുടെ ക്ഷേമം അന്വേഷിക്കാൻ പറഞ്ഞയച്ച യോസേഫ് ദോഥാനിൽ എത്തി. രണ്ട് പ്രത്യേക വിഷയത്തിൽ ജേഷ്ഠന്മാർക്കു അവനോടു പകയും വിദ്വേഷവും ഉണ്ടായിരുന്നു. (1) യാക്കോബ് അവനെ സ്നേഹിച്ചു ഒരു വിശേഷവസ്ത്രം അവന് തയിപ്പിച്ച് ഇട്ടു (അങ്കി) (2) യോസേഫ് കണ്ട സ്വപ്നത്തിന്റെ വെളിച്ചത്തിലും ജ്യേഷ്ഠന്മാർക്കു അവനെ ഉൾകൊള്ളുവാനുള്ള സൻമനസ്സ് ഇല്ലാതെ പോയി. അവർ തക്കം അന്വേഷിച്ച് ഇരിക്കുമ്പോഴാണ് യോസേഫ് അവരുടെ അടുക്കലേക്ക് വരുന്നത്! കണ്ട മാത്രയിൽ ഏകസ്വരത്തിൽ പറഞ്ഞു ഇതാ! സ്വപ്നക്കാരൻ വരുന്നു. പിതാവ് കൊടുത്തുവിട്ട ആഹാര സാധനങ്ങൾ ആദ്യമേ സഹോദരന്മാരെ ഏല്പിച്ചു കുശലപ്രശ്നങ്ങൾക്കു ആരംഭം കുറിക്കുന്നതിന് മുമ്പേ ജ്യേഷ്ഠന്മാർ കൂടി ആലോചിച്ച പ്രകാരം പിതാവ് കൊടുത്ത വിശേഷ വസ്ത്രം അവർ ഊരി എടുത്തു. എന്നിട്ട് അവനെ ഒരു പൊട്ടക്കിണറ്റിലേക്കു ഇട്ടു കളഞ്ഞു. അവൻ കൊണ്ടുവന്ന ആഹാരം അവർ കിണറിന് ചുറ്റും ഇരുന്നു കഴിക്കുമ്പോൾ കിണറിന്റെ ഉള്ളിൽ നിന്നു ള്ള ദീനരോധനം സഹോദരന്മാരെ എന്നെ രക്ഷിക്കു എന്നതായിരുന്നു. അവർ യോസേഫിന്റെ നിലവിളിയെ പരിഗണിക്കാതെ ഒരു ആട്ടിൻ കുട്ടിയെ കൊന്നു അതിന്റെ രക്തം യോസേഫിന്റെ അങ്കിയിൽ പുരട്ടി. ഇത്തരുണത്തിൽ മിസ്രയിമിലേക്കു പോകുന്ന കച്ചവടക്കാർക്ക് 20 വെള്ളിക്കാശിന് യോസേഫിനെ വിറ്റ് കാശും കീശയിൽ ഇട്ടു കൊണ്ട് തെളിവിന്റെ വസ്ത്രവും ആയി പിതാവിന്റെ അടുക്കലേക്ക് പോകുന്ന സഹോദരന്മാർ, ശുഭവർത്തമാനം പ്രതീക്ഷിച്ചിരുന്ന യാക്കോബ് കേട്ടത് യോസേഫിന്റെ മരണവാർത്തയായിരുന്നു. ദുഃഖിതരായി പിതാവിന്റെ മുമ്പിൽ നിന്നുകൊണ്ട് ഈ വസ്ത്രം നിന്റെ മകൻ യോസേഫിന്റേത് തന്നെ അല്ലയോ എന്നുള്ള ഉറപ്പ് വരുത്തിയിട്ടു പറഞ്ഞു. ഒരു ദുഷ്ടമൃഗം അവനെ കൊന്നുകളഞ്ഞു ഇതാ അവന്റെ വസ്ത്രത്തിന്മേൽ രക്തം പുരണ്ടിരിക്കുന്നു. തെളിവിനായി അവതരിപ്പിച്ച വസ്ത്രം ശരിയെന്ന് യാക്കോബ് ഉറപ്പിച്ചു. പക്ഷേ ദുഷ്ടമൃഗം അല്ല തന്റെ മുമ്പിൽ നില്ക്കുന്ന ദുഷ്ടന്മാർ ആണ് ഇതിന്റെ പിന്നിലെ നായകന്മാർ എന്നു അറിവാൻ വർഷങ്ങൾ പിന്നിടേണ്ടിവന്നു.

അടുത്ത തെളിവിന്റെ വസ്ത്രം പോത്തിഫേറിന്റെ ഭാര്യയുടെ കൈവശം ആണ്. അടിമയായി വിൽക്കപ്പെട്ടപ്പോൾ ജോസേഫിനെ ഫറവോന്റെ അകമ്പടിനായകനായ പോത്തിഫേർ വിലെക്കു വാങ്ങി. തന്റെ ഭവനത്തിലെ അടിമപണികൾ ചെയ്യിപ്പിച്ചു. പക്ഷേ യോസേഫ് ചെയ്യുന്ന പ്രവൃത്തികൾ എല്ലാം അനുഗ്രഹമായി തീരുന്നത് കണ്ട് പോത്തിഫേറിന് യോസേഫിനോട് ഇഷ്ടം തോന്നുകയും തന്റെ ഭവനത്തിന്റെ എല്ലാ അധികാരവും യോസേഫിനെ ഏല്പിച്ചു. എക്കാലവും വിശ്വസ്തൻ ആയിരുന്ന യോസേഫ് അവിടെയും വിശ്വസ്ഥൻ ആയി നിലകൊണ്ടു. എങ്കിലും പോത്തിഫേറിന്റെ ഭാര്യയുടെ വശീകരണവും ഇംഗിതയും യോസേഫ് വകവെച്ച് കൊടുത്തില്ല. ഈ കാരണത്താൽ യോസേഫിനോടു അവൾക്കു നീരസം തോന്നി എങ്കിലും അവൾ അവനെ ആഗ്രഹിച്ചു കൊണ്ടിരുന്നു. യജമാനൻ സ്ഥലത്തു ഇല്ലാതിരുന്ന അവസരം യോസേഫ് ഭവനത്തിൽ പ്രവൃത്തി ചെയ്യുമ്പോൾ പോത്തിഫേറിന്റെ ഭാര്യ അവനെ ലക്ഷ്യമിട്ടു ചെന്ന് അവളോടൊപ്പം ശയിക്കുവാൻ നിർബന്ധിച്ചു. ദൈവത്തെ ഭയക്കുന്ന യോസേഫ് അതിന് സമ്മതിക്കാതെ വന്നപ്പോൾ അവൾ അവന്റെ ഉടുത്തിരുന്ന വസ്ത്രത്തെ പിടിച്ചു പ്രലോഭിപ്പിച്ചു. എങ്കിലും യോസേഫ് ആ വസ്ത്രം ഉപേക്ഷിച്ചു ഓടി രക്ഷപ്പെട്ടു. ഇവിടെ തെളിവിന്റെ വസ്ത്രവും ആയി പോത്തിഫേറിന്റെ ഭാര്യനിലകൊണ്ട് സംഭവം വിവരിക്കുന്നില്ല. യോസേഫ് തെളിവിന്റെ വസ്ത്രത്തിന്റെ വെളിച്ചത്തിൽ കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. എങ്കിലും ദൈവം അവന് അനുകൂലം ആയിരുന്നു. കാരാഗ്രഹവസ്ത്രം ധരിക്കപ്പെട്ട് യോസേഫ് കാരാഗ്രഹത്തിൽ കിടക്കേണ്ടി വന്നു. അവിടെയും ദൈവം തുണനിന്നു, അവിടെ വെച്ച് സ്വപ്ന വ്യാഖ്യാനം നടത്തിയതിന്റെ വെളിച്ചത്തിൽ പിന്നെത്തേതിൽ ഫറവോന്റെ സ്വപ്നവ്യാഖ്യാനി ആയി കൊട്ടാരത്തിൽ പോകേണ്ടി വന്നു. ദൈവകരം അവനോട് ഒപ്പം ഉണ്ടായിരുന്നതിനാൽ മിസ്രയിമിന്റെ അധികാരത്തിന്റെ പൊൻ ചെങ്കോൽ അവന് ലഭിച്ചു. സ്ഥാനം കൊണ്ട് ഫറവോൻ ഒന്നാമൻ എങ്കിലും ബാക്കി എല്ലാ കാര്യങ്ങൾക്കും യോസേഫ് മുമ്പൻ. ദൈവം അനുകൂലം എങ്കിൽ ആരെല്ലാം പ്രതികൂലമായി നിന്നാലും സത്യം വിജയിക്കും. യാക്കോബ് ഇടുവിച്ച അങ്കി സഹോദരന്മാർ ഊരി പിന്നെ അവന് ലഭിച്ചത് അടിമയുടെ വസ്ത്രം. ആ വസ്ത്രം പോത്തിഫേറിന്റെ ഭാര്യ ഊരി കാരാഗ്രഹവസ്ത്രം ധരിക്കേണ്ടി വന്നു. എന്നാൽ വിശ്വസ്ഥനായ യോസേഫിന്റെ കാരാഗ്രഹവസ്ത്രം ഫറവോൻ മാറ്റിയിട്ടു രാജവസ്ത്രം ധരിപ്പിച്ചു.

കാലങ്ങൾ പിന്നിട്ടു, ക്ഷാമകാലത്തു ക്ഷേമം കിട്ടുവാൻ മിസ്രയിമിൽ എത്തിയ സഹോദരന്മാർ യോസേഫിന്റെ മുമ്പിൽ അവൻ ആര് എന്ന് തിരിച്ചറിയാതെ ഒരേ സ്വരത്തിൽ പറഞ്ഞു യജമാനനേ! ഞങ്ങൾ പരമാർത്ഥികൾ ആകുന്നു. ഒരപ്പന്റെ മക്കൾ ഒരുവൻ ഞങ്ങൾക്കു നഷ്ടപ്പെട്ടു. കേൾക്കുവാൻ പോലും ഉള്ളധൈര്യം യോസേഫിന് ഇല്ലായിരുന്നു എങ്കിലും ധൈര്യത്തോടെ നിന്നു. സംഭവങ്ങൾ വിവരിക്കുന്നില്ല. നഷ്ടപ്പെട്ട മകൻ ജീവനോടെ ഇരിക്കുന്നു എന്നുള്ള വാർത്ത കേട്ട യാക്കോബിന് ചൈതന്യം വന്നു. യോസേഫിനെ കാണുവാൻ മിസ്രയിമിൽ എത്തി കുടുംബമായി അവിടെ പാർത്തു.

പ്രിയ സഹോദരങ്ങളെ, ഈ ലോകം നിന്നെ തകർക്കുവാൻ വ്യാജേന അനേക തെളിവുകൾ നിരത്തിവെച്ചെന്നിരിക്കും. നീ വിശ്വസ്തൻ എങ്കിൽ ഒരിക്കലും ലജ്ജിച്ച് പോകാൻ ദൈവം സമ്മതിക്കയില്ല. ദൈവത്തെ ആഴമായി സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു എങ്കിൽ ഈ ലോകം മുഴുവൻ എതിരായി വന്നാലും നിങ്ങൾക്കു ഭയപ്പെടുവാനില്ല. പ്രതിസന്ധികളേയും, നിന്ദകളേയും, പരിഹാസങ്ങളേയും പുച്ഛത്തോടെ തള്ളിക്കളയുവാൻ സാധിക്കും. ദൈവം നിങ്ങളോടൊപ്പം ഉണ്ടെങ്കിൽ, ദൈവം ഏവർക്കും കൃപ ചെയ്യട്ടെ.

# ദൈവത്തിന്റെ കോപം



പാസ്റ്റർ ജോയിസ് ചാക്കോ

നാം ആരാധിക്കുന്ന നമ്മുടെ ദൈവം എത്ര സ്നേഹവാനായ ദൈവമാണ് "ഞാൻ താഴ്മയും സൗമ്യതയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റു കൊണ്ട് എന്നോടു പഠിപ്പിൻ മത്താ.11:29" ഓരോ ദിവസവും നമ്മുടെ പ്രാർത്ഥനയിലൂടെ നാം ദൈവാനുരൂപമായി മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ദൈവത്തിന്റെ സ്വഭാവം നമ്മിലേക്ക് വ്യാപരിച്ചു കൊണ്ടിരിക്കുകയാണ്. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ.. അവർ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല യെശ.49:15. ഈ ലോകത്തിൽ പത്തു മാസം ഒരു കുഞ്ഞിനെ ഉദരത്തിൽ വഹിക്കുന്ന ഒരു മാതാവ് താൻ പ്രസവിച്ച കുഞ്ഞിനെ മറയുകയില്ല മറക്കാൻ കഴിയുകയില്ല എന്നാണ് നാം കരുതിയിരുന്നത്. എന്നാൽ ഇപ്പോൾ നമുക്കങ്ങനെ വിശ്വസിക്കുവാൻ കഴിയുകയില്ല. അനേകം അമ്മമാർ താൻ പ്രസവിച്ച ഉടനെ കുഞ്ഞിനെ ഉപേക്ഷിക്കുന്നു. മാത്രമല്ല കുഞ്ഞിനെ കൊന്നു കളയുവാൻ മടികാണിക്കുന്നില്ല. എന്നാൽ ദൈവം പറയുന്നു അവർ മറന്നാലും ഞാൻ മറക്കുകയില്ല.

ഈ ദൈവസ്നേഹത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞവരാണ് എത്ര പ്രതികൂലങ്ങൾ കടന്നു വന്നിട്ടും അടിപതറാതെ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇന്ന് നമ്മിൽ പലർക്കും ഈ പേരും പ്രശസ്തിയും ഒക്കെ ഉണ്ടായത് ഈ ദൈവം നമ്മുടേതായതു കൊണ്ടാണ്. ഈ ദൈവത്തെ നാം അറിയേണ്ടതു പോലെ അറിഞ്ഞില്ലായിരുന്നു എങ്കിൽ നാം ഈ ഭൂമിയിൽ ഒരു പിടിമണ്ണിന്റെ അവകാശികൾ മാത്രമായി അവസാനിക്കുമായിരുന്നു. എന്നാൽ ഇന്നു നമ്മുടെ ജീവിതം എത്ര ധന്യമാണ്. എന്നാൽ ഇന്ന് നമ്മിൽ പലരും നമ്മുടെ ദൈവത്തിന്റെ മറ്റൊരു മുഖം കാണാതെ പോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സങ്കീർത്തനക്കാരൻ ഇങ്ങനെ പറയുന്നു "നീ ഭയങ്കരനാകുന്നു നീ ഒന്നു കോപിച്ചാൽ തിരുമുമ്പാകെ നില്ക്കുന്നവൻ ആർ (സങ്കീ.76:7)." ഇത്ര സ്നേഹവാനായിരിക്കുന്ന ദൈവം കോപിക്കുമോ? നമുക്ക് ചിന്തിക്കുവാൻ കൂടികഴിയുന്നില്ല അല്ലേ, ഉല്പത്തി 6-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ള വരെന്നു കണ്ടിട്ട് തങ്ങൾക്കു ബോധിച്ച ഏവരേയും ഭാര്യമാരായി എടുത്തു. ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർക്ക് മക്കളെ പ്രസവിച്ചു താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു. അതു അവന്റെ ഹൃദയത്തിനു ദുഃഖമായി ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും ഉല്പ.6:2,4,6. ദൈവം ആണ് വിവാഹം സ്ഥാപിച്ചത് അത് ഒരു പുരുഷനും സ്ത്രീയുമായിട്ടാണ്. നിഷ്പാപയുഗത്തിൽ ഏദൻ തോട്ടത്തിൽ വച്ചാണ് വിവാഹം നടന്നത്. വിവാഹം എന്നു പറയുന്നത് ഒരു ആത്മീയ സ്ഥാപനം ആണ് (Divine instution) ദൈവം പറഞ്ഞു മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കി കൊടുക്കും. ദൈവം ഇങ്ങനെയും കൂടി പറഞ്ഞു നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ. അപ്പോൾ ദൈവം തന്നെ വിവാഹം സ്ഥാപിക്കുകയും മക്കളെ വാഗ്ദത്തം ചെയ്യുകയും ചെയ്തതാണ്. ഏതെങ്കിലും ഒരു മനുഷ്യന്റെ ബുദ്ധിയിൽ ഉരുത്തിരിഞ്ഞു വന്ന ഒന്നല്ല വിവാഹം. സകലത്തിന്റേയും സൃഷ്ടിതാവായ ദൈവത്തിന്റെ തിരുഹൃദയത്തിൽ ഉരുത്തിരിഞ്ഞ ഒന്നാണ് വിവാഹം എന്നുള്ളത്. ദൈവം വിവാഹം സ്ഥാപിച്ചതിനു ശേഷം നാലായിരം വർഷം കഴിഞ്ഞ് കർത്താവ് ഈ ഭൂമിയിൽ വന്നപ്പോൾ അന്നത്തെ പരീശന്മാർ കർത്താവിന്റെ അടുക്കൽ വന്ന് ചോദിച്ചതിന്റെ മറുപടിയായി ഇങ്ങനെ പറഞ്ഞു. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കുന്നത് എന്ന് ഉത്തരം പറഞ്ഞു. മത്താ.19:6. ഒരു പുരുഷനേയും സ്ത്രീയേയും ഒന്നാക്കി അവരെ ഭാര്യ ഭർത്താക്കന്മാരാക്കി തീർക്കുന്നത് ദൈവം ആണ് അവരെ വേർപിരിക്കാൻ പാടില്ല. യോജിക്കാത്തവരെ തമ്മിൽ യോജിപ്പിക്കുവാനോ യോജിപ്പിച്ചതിനെ വേർപെടുത്തുവാനോ ദൈവം ആരേയും ചുമതലപ്പെടുത്തിയിട്ടില്ല.

അങ്ങനെ ദൈവം സൃഷ്ടിച്ച മനുഷ്യൻ ദൈവ വഴി വിട്ടുമാറിയപ്പോൾ ജലപ്രളയം എന്ന ന്യായവിധിയിലൂടെ മനുഷ്യനെ നശിപ്പിക്കുവാനിടയായി. ഇന്ന് മനുഷ്യർ നിസ്സാര വിഷയങ്ങളുടെ മുന്നിൽ ദൈവം യോജിപ്പിച്ച കുടുംബന്ധങ്ങളെ വേർപിരിക്കുകയല്ലേ ചെയ്യുന്നത്. ദൈവീക വ്യവസ്ഥകളെ നമ്മുടെ ഇഷ്ടപ്രകാരം നാം മാറ്റിയാൽ ദൈവത്തിന്റെ കോപം വെളിപ്പെടും അതിന് മാറ്റമില്ല.

കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ഒരു ദിവസം യരുശലേം ദേവാലയത്തിൽ ചെന്നു അവിടെ കണ്ട കാഴ്ച കർത്താവിനെ വളരെ കോപിപ്പിച്ചതായി നാം വായിക്കുന്നു. യോഹ.2:14-16.

ദൈവത്തെ ആരാധിക്കുന്ന സ്ഥലത്ത് ആരുതാത്ത കാഴ്ചകൾ കർത്താവ് കാണുവാനിടയായി. ആരാധനയ്ക്ക് കൊടുക്കേണ്ടുന്ന പ്രാധാന്യം മറ്റു പലതിലേക്കും പോയിരിക്കുന്നു. കർത്താവ് കയറു കൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി എല്ലാത്തിനെയും അടിച്ചു പുറത്തു കളഞ്ഞു. പഴയനിയമത്തിലാണ് ആരാധനാ സ്ഥലമായ അക്ഷരീക ആലയത്തിന് പ്രാധാന്യമുള്ളത്. പുതിയനിയമത്തിൽ നാം പരിശോധിച്ചാൽ നാം തന്നെയാണ് ആലയം. ആലയം വിശുദ്ധമായിരിക്കണം. ആരാധിക്കുന്നവരും വിശുദ്ധരായിരിക്കേണം. പൗലോസ് പറയുന്നു നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവീൻ എന്ന്. ഇന്ന് ലോകത്തിൽ അനേക ആരാധനകൾ നടക്കുന്നുണ്ട് അങ്ങനെ ഒരു ആരാധനയല്ല ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. നമ്മുടെ കർത്താവ് ആരാധനയ്ക്ക് യോഗ്യനാണ് ആ ദൈവത്തിന്റെ യോഗ്യതക്കൊത്തവണ്ണം നാം ദൈവത്തെ ആരാധിക്കണം. സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിക്കരുത് എന്നാണ് തിരുവചനം പറയുന്നത്. അതിന്റെ അർത്ഥം സഭയുടെ യോഗങ്ങളാണ്. എങ്കിലും നാം വിശ്വസിച്ചു വച്ചിരിക്കുന്ന യോഗമായ ഞായറാഴ്ച യോഗം മനപൂർവ്വം ഉപേക്ഷിച്ച് സ്വാർത്ഥ താല്പര്യങ്ങൾക്കായി നടക്കുന്നവർ ഉണ്ട് ആ ആരാധന കർത്താവിന്റെ യോഗ്യതക്കനുസരിച്ച് ഉള്ള ആരാധനയാണോ?

പത്രോസ് പറയുന്നു ആകയാൽ സകല ദുഷ്ടതയും എല്ലാചതിയും വ്യാജഭാവവും അസൂയയും എല്ലാനുണയും നീക്കികളയുക 1പത്രൊ.2:1. കർത്താവ് നമ്മുടെ ആരാധനയുടെ നടുവിൽ വന്നാൽ അവിടുത്തെ ആലയമായ നമ്മുടെ ശരീരത്തിൽ (മനസ്സിൽ) എന്തെല്ലാം വാണിജ്യ സാധനങ്ങൾ ഉണ്ട്. ആരാധനയ്ക്ക് കൊടുക്കേണ്ടുന്ന പ്രാധാന്യത്തേക്കാൾ മറ്റു പലതിനും അല്ലേ നമ്മുടെ പ്രാധാന്യം. എങ്ങനെയെങ്കിലും ഈ ആരാധന ഒന്നു തീർത്തിരുന്നു എങ്കിൽ എന്ന് വിചാരിച്ചു. ആരാധനയിൽ പങ്കെടുക്കുന്നവർ നമ്മുടെ ആരാധനയിൽ പരിശുദ്ധാത്മാവിന്റെ തീയേക്കാൾ ന്യായവിധിയുടെ തീ ആയിരിക്കുമോ ഇറങ്ങുന്നതു നമുക്ക് മടങ്ങിവരാം.

# ദൈവസഭയുടെ അടിസ്ഥാന പ്രമാണങ്ങൾ



പാസ്റ്റർ ഓ. ജെ. മാത്യു

ദൈവം വ്യവസ്ഥകളിൻമേൽ പ്രവർത്തിക്കുന്നവനാണ്. ദൈവത്തിന്റെ സൃഷ്ടികൾ എല്ലാം തന്നെ ആരംഭം മുതൽ ഇന്നു വരെ അവിടുന്നു നൽകിയിട്ടുള്ള നിയമങ്ങൾക്ക് അനുസരണമായി പ്രവർത്തിച്ചു വരുന്നു. സൂര്യനും ചന്ദ്രനും മറ്റു ഗ്രഹങ്ങളും അനേകായിരം നക്ഷത്രസമൂഹങ്ങളും ദൈവ നിയമത്തെ ലംഘിക്കാതെ അവയ്ക്കു നൽകിയിട്ടുള്ള ഭ്രമണപഥത്തിൽ സഞ്ചരിച്ചുവരുന്നു. അല്ലായിരുന്നെങ്കിൽ ഈ ലോകത്തിന്റെ തന്നെ നിലനിൽപ്പ് ഇല്ലാതായേനെ. പക്ഷിമൃഗാദികൾ നിശ്ചിത ജീവിതചക്രം പാലിച്ചുവരുന്നു. ഇവയൊന്നും തന്നെ ദൈവം നൽകിയ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. എന്നാൽ, പ്രവാചകനായ യെശയ്യാവ് യിസ്രായേൽ ജനത്തെ നോക്കികൊണ്ടു വിലപിച്ചു. "ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോട് മത്സരിച്ചിരിക്കുന്നു; കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല." (1:2,3)

കല്പനാ ലംഘനം- ഒരു തുടർക്കഥ

ദൈവം സൃഷ്ടിച്ച മനുഷ്യൻ ദൈവം കൊടുത്ത കല്പന ലംഘിച്ച ചരിത്രം ഉൽപത്തി മൂന്നാം അദ്ധ്യായത്തിൽ വളരെ സംക്ഷിപ്തമായി രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യസൃഷ്ടിപ്പിന് എത്രകാലം കഴിഞ്ഞാണ് അവൻ ദൈവകല്പന ലംഘിച്ചത് എന്നു വേദപുസ്തകം വ്യക്തമാക്കുന്നില്ല. അതായത്, നിഷ്പാപ യുഗത്തിന്റെ കാലദൈർഘ്യം കണക്കാക്കപ്പെട്ടിട്ടില്ല. അധികം നാൾ നീണ്ടുനിന്നിരുന്നില്ല എന്നുവേണം അനുമാനിക്കാൻ. കാരണം ആദാം-ഹവ്വ ദമ്പതികൾക്കു മക്കൾ ജനിച്ചിരുന്നില്ലല്ലോ. അവരെ സൃഷ്ടിച്ചശേഷം ദൈവം അനുഗ്രഹിച്ചു പറഞ്ഞു, "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി വാഴുവിൻ" (ഉല്പ.1:28). ഈ വാഗ്ദാനം അവരുടെ ജീവിതത്തിൽ നിറവേറാഞ്ഞതിനാൽ അതിനുള്ള സാവകാശം അവർക്കു ലഭിച്ചിരുന്നില്ലെന്നു കരുതാം. (വ്യക്തമായ വചനത്തെളിവ് ഇല്ലാത്ത സാഹചര്യത്തിൽ അനുമാനം നടത്തുന്നത് ദൈവനിഷേധമല്ല).

കല്പനലംഘനം ആദിമനുഷ്യനിൽ ആരംഭിച്ചു. ഇന്നും മാനവചരിത്രത്തിൽ ഇതു ഒരു തുടർക്കഥയാണ്. അപ്പൊസ്തലനായ പൌലോസ്, മനുഷ്യൻ ദൈവനിഷേധി ആയതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. "ദൈവത്തെക്കുറിച്ച് അറിയാകുന്നതു അവർക്കു വെളിവാക്കിയിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ; അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു: അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്തീകരിക്കുകയോ നന്ദികാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞു കൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു" (റോമർ 1:19-23).

ഈ നില ആധുനിക മനുഷ്യനും പിൻതുടരുന്നു. വിദ്യാസമ്പന്നർ പോലും അന്ധവിശ്വാസത്തിന്റെയും മാമൂലുകളുടെയും വക്താക്കളായി നിലകൊള്ളുന്നു. ചതിയാൽ പിശാച് ആവിഷ്ക്കരിച്ചു നടപ്പാക്കിയ തന്ത്രം എത്രമാത്രം ദോഷമാണു മനുഷ്യസമൂഹത്തിനുവരുത്തിവച്ചിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ ഈറ്റില്ലങ്ങളായ സ്ഥാപനങ്ങളിൽപോലും അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ ചടങ്ങുകൾ നടന്നുവരുന്നത് ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുന്നു. എല്ലാ മേഖലകളിലും അന്ധകാരശക്തിയുടെ സ്വാധീനം പ്രകടമാണ്. ഇതിൽ നിന്നും സമൂഹത്തിന് ഒരു മോചനം ആവശ്യമാണ്. അതു ക്രിസ്തു വാഗ്ദാനം ചെയ്യുന്നു. "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും." (യോഹ.8:36).

സകല ജാതികളിൽ നിന്നും വിശേഷപ്പെട്ട ജാതിയായി അബ്രാഹാമിൽ കൂടിയും തന്റെ സന്തതികളിൽ കൂടിയും യിസ്രായേൽജനത്തെ ദൈവം തിരഞ്ഞെടുപ്പ് സ്വന്ത ജനമാക്കി. ലോകത്ത് ഒരു ജാതിക്കും അവകാശപ്പെടാൻ സാധിക്കാത്ത നിലയിലുള്ള ചട്ടങ്ങളും പ്രമാണങ്ങളും നൽകി. താൻ കൊടുത്ത പ്രമാണങ്ങളെ അനുസരിച്ചാലുള്ള അനുഗ്രഹവും അനുസരിക്കാതിരുന്നാലുള്ള ശിക്ഷയും വ്യവസ്ഥ ചെയ്ത് ദൈവം അവരെ ബോധ്യപ്പെടുത്തിയിരുന്നു. നാളുകൾ പിന്നിട്ടപ്പോൾ അവർ ദൈവത്തെയും ദൈവവചനവ്യവസ്ഥകളെയും കാറ്റിൽപറത്തി ദൈവശിക്ഷ ഏറ്റുവാങ്ങി, അടിമകളായി അശ്ശൂരിലേക്കും ബാബിലോണിലേക്കും വലിച്ചെറിയപ്പെട്ടു. എന്നാൽ, കോരെശ് രാജാവിന്റെ ദയാദാക്ഷണ്യത്താൽ ഒരു ചെറിയ ശേഷിപ്പ് ബാബിലോണിൽ നിന്നും പലസ്തീനിൽ മടങ്ങിവരികയുണ്ടായി. എന്നാൽ അശ്ശൂരിൽ പ്രവാസികളായ 10 ഗോത്രം ചരിത്രത്തിൽ വിലയം പ്രാപിച്ചു.

യേശുവിന്റെ ജനനത്തിന്റെ കാലഘട്ടത്തിൽ പരീശഭക്തിയുടെയും പ്രമാണലംഘനത്തിന്റെയും നാളുകൾ ആയിരുന്നു. ന്യായപ്രമാണത്തിന്റെ വികലമായ വ്യാഖ്യാനം മടുപ്പുളവാക്കുന്നതായിരുന്നു. ദൈവാലയത്തെ അന്നത്തെ മതനേതൃത്വം കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു എന്നു യേശു പറഞ്ഞതിൽ നിന്നും അന്നത്തെ യെഹൂദമതത്തിന്റെ നിലവാരം മനസ്സിലാക്കാവുന്നതേയുള്ളു. ഈ സാഹചര്യത്തിലാണ് പിതാവാം ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത്. (ഗലാത്യർ 4:4) യേശുവിന്റെ 30 വയസ്സുവരെയുള്ള ജീവിതം വിശദമായി അനാവരണം ചെയ്തിട്ടില്ല. അക്കാലയളവിൽ തന്റെ ഭൂമിയിലെ മാതാപിതാക്കൾക്കു വിധേയപ്പെട്ട് ന്യായപ്രമാണം പൂർണമായി പാലിച്ചുകൊണ്ടുള്ള ഒരു ജീവിതക്രമം യേശു പിൻതുടർന്നതായി മനസിലാക്കാം. യേശു വ്യക്തമാക്കുന്നു: "ന്യായപ്രമാണത്തെ നീക്കുവാനല്ല, അതു നിവർത്തിപ്പാനത്രേ മനുഷ്യപുത്രൻ വന്നിരിക്കുന്നത്." എന്നാൽ, അന്നത്തെ മതനേതൃത്വം ന്യായപ്രമാണത്തെ തങ്ങളുടെതാൽപര്യ സംരക്ഷണാർത്ഥം വികലമായി വ്യാഖ്യാനിച്ച് പല മാമൂലുകൾ നടപ്പിൽ വരുത്തിയിരുന്നു. ന്യായപ്രമാണത്തിന്റെ അന്തസത്തയെ ചോർത്തിക്കളഞ്ഞിരുന്ന പ്രവണതകളെ താൻ ശക്തമായ ഭാഷയിൽ അപലപിക്കുകയും പരീശന്മാരെയും ശാസ്ത്രിന്മാരെയും വിമർശനത്തിന്റെ മുൾമുനയിൽ നിർത്തുകയും ചെയ്തിരുന്നു. യേശുവിന്റെ ആഗമനം തന്നെ ദൈവീ പദ്ധതി പൂർത്തിയാക്കാനായിരുന്നല്ലോ. പിതാവായ ദൈവത്തെ അവിടുന്നു പൂർണമായി അനുസരിച്ചു. അതു ഗത്സമനയിലെ തന്റെ പ്രാർഥന വെളിവാക്കുന്നു. "പിതാവേ നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ" (ലൂക്കൊസ് 22:42). ക്രൂശുമരണത്തിനു ബദർമാർഗം നിർദേശിക്കുകയോ മറ്റു പോംവഴികൾ കണ്ടെത്തുകയോ അവിടുന്നു ചെയ്തില്ല. പകരം മുഴുലോകത്തിന്റെയും പാപത്തെ ചുമക്കുന്ന യഥാർത്ഥ ദൈവകുഞ്ഞാടായി അവസാനനിമിഷംവരെ സമർപ്പിക്കപ്പെട്ട ഒരു ജീവിതമാണു യേശു കാഴ്ചവച്ചത്.

കർത്താവിനെ പിൻഗമിക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപ്രകാരത്തിലുള്ള വിധേയത്വവും അനുസരണവും അവിടുന്നു പ്രതീക്ഷിക്കുന്നു. കുറുക്കുവഴികൾ തേടുന്നത് മനുഷ്യന്റെ പൊതുസ്വഭാവമാണ്. ചരിത്രാതീതകാലം മുതൽ ഇതു തുടർന്നുവരുന്നു. ഇതു ദൈവീകമല്ല, പൈശാചികമാണ്. നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ മരിക്കും എന്ന് ദൈവം കല്പിച്ചപ്പോൾ തിന്നാൽ മരിക്കയില്ല പകരം ദൈവത്തെപ്പോലെയാകും എന്ന ബദൽ സംവിധാനമാണു പിശാച് അവതരിപ്പിച്ചത് (ഉൽ.3:4,5). ഒടുവിൽ തന്റെ പദ്ധതി ഉദ്ദേശിച്ചതിലും നേരത്തെയും വേഗത്തിലും ആദാം ഹവ്വന്മാർ നടപ്പിലാക്കിയതിൽ പിശാച് ആർത്ത് അട്ടഹസിച്ചുകാണും. യേശു ഒരിക്കൽ പറഞ്ഞ: "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു" ദേവരധർമ്മത്തെ പരാമർശിക്കുമ്പോഴാണ് യേശു ഇതുപറഞ്ഞതെങ്കിലും ഒരു പൊതു തത്ത്വമായി പരിഗണിക്കാവുന്നതാണ്. ദൈവവചനത്തിന്റെ ശരിയായ അർഥം ഉൾക്കൊണ്ടുകൊണ്ട് അനുസരിച്ച് നടപ്പിൽ വരുത്തുകയാണ് എല്ലാക്കാലത്തും ദൈവം ഓരോരുത്തനിൽ നിന്നും ആഗ്രഹിക്കുന്നത്. ഇതിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുന്നില്ല. മനുഷ്യർ സ്വാർ

(ശേഷം പേജ് 3)

# രോഗം: വികലമായ ചിന്തകൾ



ജോബ് ജോൺ, മംഗലാപുരം

ക്രിസ്തുവിന്റെ അടിപ്പിണരുകളാൽ സൌഖ്യം എന്ന വാക്യത്തിൽ നിന്ന് തന്നെ തുടങ്ങാം. ക്രിസ്തീയ യോഗങ്ങളിൽ ആളുകളെ ആകർഷിക്കാൻ വളരെ സാധാരണയായി പറയപ്പെടാറുള്ള ഒരു വ്യാഖ്യമാണിത്. ക്രിസ്തു മരിച്ചതിലൂടെ അവൻ നമ്മുടെ രോഗങ്ങളെ വഹിച്ചു എന്നും, ഒരു നിമിഷം കൊണ്ട് നിങ്ങളുടെ രോഗങ്ങൾ തന്റെ രക്തത്തിലൂടെ സൌഖ്യമാകുമെന്നും പ്രസംഗിക്കുമ്പോൾ ഏതു രോഗിയും അതിലേക്കു ആകർഷിക്കപെടും എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇനി രോഗമില്ലെങ്കിൽ പോലും രോഗം വരാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ ചില ആളുകൾ മുന്നോട്ടു വരുന്നതും സാധാരണമാണ്.

എന്നാൽ യഥാർത്ഥത്തിൽ ആ വ്യാഖ്യനത്തിനു അങ്ങനെ ഒരു അർത്ഥമില്ല എന്ന് നാം മനസിലാക്കണം. തന്റെ അടിപ്പിണരുകളാൽ സൌഖ്യം എന്ന് പറയുമ്പോൾ നമ്മുടെ മുട്ടുവേദനയ്ക്കും പല്ലുവേദനയ്ക്കും വേണ്ടി യേശു മരിച്ചു എന്നാണു സാധാരണ എല്ലാവരും മനസിലാക്കുന്നത്. എന്നാൽ ഈ ക്രുപയിലേക്ക് വരുന്നതിനു തടസമായി നിന്നിരുന്ന സാക്ഷാൽ രോഗത്തിനു യേശുവിന്റെ മരണത്തിലൂടെ സൌഖ്യമുണ്ടായി എന്നാണു ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവവുമായി നിരപ്പ് പ്രാപിക്കുവാൻ ഈ അടിപ്പിണരുകളിലൂടെ സാധ്യമായി. അതിനെ മറ്റു ശാരീരീക രോഗ സൗഖ്യങ്ങളുമായി ബന്ധിപ്പിക്കുന്നത് ശരിയായ വ്യാഖ്യാനമല്ല.

ഇതേ വാക്യത്തിന്റെ മറ പിടിച്ചു രോഗശാന്തിയെ വികലമായി വ്യാഖ്യാനിക്കുന്ന ഒരു ഗ്രൂപ്പ് ആണ് 'ക്രിസ്ത്യൻ സയൻസ്.' സയൻസുമായോ ക്രിസ്തുമതവുമായോ ഇവർ അത്ര ബന്ധമുള്ളവർ അല്ല. ദൈവം സർവ്വ വ്യാപി ആയതുകൊണ്ട് ദൈവം ഉള്ളിടത്ത് രോഗം വരില്ല എന്നും പിശാച് വരില്ല എന്നുമാണ് ഇവർ പറയുന്നത്. അവരുടെ പഠിപ്പീരുകൾ അറിഞ്ഞോ അറിയാതെയോ പെന്തക്കോസ്ത് സഭകളിലേക്കു ഈയിടയായി ധാരാളമായി കയറിവരുന്നുണ്ട്.

രോഗം എന്ന് പറയുന്ന ഒരു അവസ്ഥ ഇല്ല. അതുകൊണ്ട് തന്നെ സൌഖ്യത്തിന്റെ ആവശ്യവുമില്ല. ആർക്കെങ്കിലും രോഗം ഉണ്ടെന്നു തോന്നുണ്ടെങ്കിൽ അവർക്ക് പ്രത്യേകമായി പ്രാർത്ഥിക്കാനുള്ള പരിശീലനം ലഭിച്ച ക്രിസ്ത്യൻ സയന്റിസ്ടുകൾ അത് അവർക്ക് ചെയ്തുകൊടുക്കും. രോഗശമന കേന്ദ്രങ്ങളിൽ യാതൊരു വൈദ്യ സഹായ ഉപകരണങ്ങളുമില്ല. പകരം ഏറ്റു പറച്ചിലുകൾ മാത്രം. സൌഖ്യം ലഭിക്കുന്നതിനും രോഗം വരാതിരിക്കുന്നതിനും ഏറ്റുപറച്ചിലുകൾ മാത്രം മതി എന്ന് അവർ വിശ്വസിക്കുന്നു. രോഗശമനത്തിനായി പ്രത്യേകം എഴുതി തയ്യാറാക്കിയ പ്രാർഥനയും പ്രാർഥനാ രീതികളുമാണ് അവർ പിന്തുടരുന്നത്. മേരി ബേക്കർ എന്ന ക്രിസ്ത്യൻ സയൻസ് സ്ഥാപകയുടെ 'സയൻസ് ആൻഡ് ഹെൽത്ത് എന്ന' പുസ്തകമാണ് അവരുടെ പ്രധാന മത ഗ്രന്ഥം. ഇടയ്ക്ക് അവരുടെ കാഴ്ചപ്പാടുകളുമായി ചേർന്ന് പോകുന്ന വേദപുസ്തക വാക്യങ്ങളെ കൂട്ടുപിടിക്കുന്നതുകൊണ്ട് ക്രിസ്തുമതത്തിലെ ഒരു വിഭാഗമാണ് അവർ എന്ന ചിന്ത വ്യാപകമാണ്. അവരുടെ ഗ്രൂപിന്റെ പേരിലും ക്രിസ്ത്യൻ എന്ന വാക്കുള്ളതും കൂടുതൽ ആശയക്കുഴപ്പത്തിന് ഇട നൽകുന്നു. ഈ കുഴപ്പങ്ങൾ അറിയാതെ ആണ് നമ്മുടെ പല പ്രസംഗകരും അവരുടെ ആകർഷകമായ തത്വശാസ്ത്രം തങ്ങളുടെ പ്രസംഗങ്ങളിൽ തിരുകിക്കയറ്റുന്നത്.

അതിലും രസകരമായ മറ്റൊരു ചിന്തയാണ് ക്രിസ്ത്യൻ സയന്റിസ്റ്റുകൾ പറയുന്നതുപോലെ രോഗം വന്നാലും രോഗി ആയി എന്ന് സമ്മതിക്കാതിരിക്കുന്നത്. നമ്മുടെ ഇടയിൽ ചിലർ അതിനോട് ചേർത്ത് പറയുന്നത് രോഗമുണ്ടെന്ന് സമ്മതിച്ചാൽ ശത്രു അതിലൂടെ ജയമെടുക്കും എന്നാണു. പക്ഷെ അതൊരു കൾട്ട് ചിന്തയാണെന്നു തിരിച്ചറിയുന്നവർ എത്ര പേരുണ്ട്. രോഗം വന്നാൽ സമ്മതിക്കരുതെന്നും രോഗം ഇല്ല എന്ന് ഏറ്റു പറയുന്നതിലൂടെ സൌഖ്യം ലഭിക്കുമെന്നും വേദപുസ്തകം പറയുന്നില്ല. രോഗം വരുന്നവർ മരുന്ന് ഉപയോഗിക്കുന്നതും മുമ്പെ പ്രാർത്ഥിപ്പിക്കുന്നതും വേദപുസ്തകം പിന്താങ്ങുന്നു. ഒളിച്ചോടുന്നതും 'എനിക്ക് രോഗമില്ല' എന്ന് കള്ളം പറയുന്നതും (സ്വയം വിശ്വസിക്കുന്നതും) ബൈബിൾ കാഴ്ചപ്പാട് അല്ല.

ആരെങ്കിലും രോഗശാന്തിക്കായി വിശ്വാസത്തോടെ പ്രാർത്ഥിച്ചു മരുന്നെടുക്കാതിരിക്കുന്നെങ്കിൽ അത് ഈ പറഞ്ഞു വരുന്ന വിഷയവുമായി ബന്ധമുള്ള കാര്യമല്ല. അവരുടെ വിശ്വാസത്തെ ദൈവം മാനിക്കട്ടെ.

എധി (Mary Baker Eddie) വിശ്വസിക്കുന്നത് രോഗം എന്നുള്ള അവസ്ഥ ചിന്തകളുടെ ബലഹീനതയിൽ നിന്ന് ഉണ്ടാകുന്നതാണ് എന്നാണ്. (Disease is an image of thought externalized S. & H. p. 411). രോഗം കുടികൊള്ളുന്നത് മനസ്സിൽ ആണ് എന്ന് വേദപുസ്തകം ഒരിടത്തും പറഞ്ഞിട്ടില്ല. അങ്ങനെ ആയിരുന്നെങ്കിൽ പൗലോസ് രോഗി ആകുകയില്ലയിരുന്നു. പ്രായമായവർ വെള്ളെഴുത്ത് കണ്ണാടി ഉപയോഗിക്കേണ്ടി വരില്ലായിരുന്നു. (തന്റെ ജീവിതാവസാനം വരെ താൻ കണ്ണാടി ഉപയോഗിക്കുന്നത് തെറ്റാണോ ശരിയാണോ എന്ന് പഠിക്കുകയായിരുന്നു മേരി ബെകർ എധി എന്ന് അവരുടെ ഒരു അനുയായി പറഞ്ഞു).

ഇപ്പോൾ നമ്മുടെ ഇടയിൽ പുതിയ വെളിപ്പാട് എന്ന നിലയിൽ ചില പ്രസംഗകർ പറയുന്ന ഇത്തരം വങ്കത്തങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈ സ്ത്രീയുടെ തലയിൽ ഉരുത്തിരിഞ്ഞതാണ്. കാൻസർ ഉൾപ്പടെയുള്ള രോഗങ്ങൾക്ക് ഇവരുടെ സിദ്ധാന്തത്തിലൂടെ സൌഖ്യമുണ്ടായി എന്ന് അവർ അവകാശപ്പെടുന്നു.

വേർഡ് ഫെയ്തു വിശ്വാസത്തിന്റെ യഥാർത്ഥ ഉപജ്ഞാതാവായ ഫിനിയാസ് ക്യുംബിയുമായി ഇവർക്ക് വളരെ അടുപ്പമായിരുന്നു. അദ്ദേഹം ഒരു പാമ്പിൻ തൈല വില്പനക്കാരനായിരുന്നു. അതിലൂടെ ലഭിച്ച തിരിച്ചരിവിലൂടെയാണ് അദ്ദേഹം പറഞ്ഞത് രോഗം വരുന്നത് യഥാർതത്തിൽ ശരീരത്തിലല്ല മനസ്സിലാണ് എന്ന്. മരുന്നുകൾ തീരെ ലഭ്യമല്ലാതിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ രോഗനിർണ്ണയം പോലും വേണ്ട പോലെ നടക്കാതിരുന്ന സമയത്ത് മറ്റുള്ളവരെ വിശ്വസിപ്പിക്കാനും വിഡ്ഢികൾ ആക്കാനും ഇവരുടെ കണ്ടുപിടുത്തങ്ങൾക്ക് കഴിഞ്ഞു. എന്നാൽ അതെ 'വെളിപ്പാട്' നമ്മുടെ ചില പ്രസംഗകർ പുതിയ വെളിപ്പാട് എന്ന നിലയിൽ ചുമന്നുകൊണ്ടു നടക്കുന്നത് നാം പ്രോത്സാഹിപ്പിക്കരുത്. ഇത് വെറും വിവരദോഷമാണ്. അങ്ങനെ വികലമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ നാം തിരിച്ചറിയണം. എന്റെ രോഗം സൌഖ്യമാക്കണേ എന്ന് നാം ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ യഥാർതത്തിൽ മൂന്നു കാര്യങ്ങളാണ് നടക്കുന്നത്.

1, ഞാൻ രോഗിയാണ്

2, എന്റെ രോഗം സൌഖ്യമാക്കാൻ ദൈവത്തിനു കഴിയും

3, എന്നെ സൌഖ്യമാക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ.

രോഗം മനസിലല്ല ശരീരത്തിലാണ് ഉണ്ടാകുന്നത്. ശരീരം മൺമയമാണ്. ചില രോഗങ്ങൾ മരണത്തിലേക്കും ചില രോഗങ്ങൾ സൌഖത്തിലെക്കും നമ്മെ നയിക്കുന്നു. സൌഖ്യമായാൽ വീണ്ടും യേശുവിനുവേണ്ടി ജീവിക്കും, മരിച്ചാൽ സ്വർഗ്ഗത്തിൽ പോകും ഇതാണ് ഭാഗ്യകരമായ പ്രത്യാശ. രോഗം വരത്തില്ല എന്ന് പറയുന്നത് മരണത്തെക്കുറിച്ചുള്ള ഭയം മൂലമാണ്. അതുകൊണ്ട് ആണ് എല്ലാവർക്കും സൌഖ്യം എന്ന് പ്രസംഗകൻ സ്റ്റേജിൽ നിന്ന് പറയുമ്പോൾ ജനങ്ങൾ ഇളകുന്നതും ഒന്നോ രണ്ടോ പേരുടെ നടുവിന്റെ വേദന മാറി എന്ന് പറഞ്ഞു അവകാശ പ്രഖ്യാപനങ്ങൾ നടത്തുന്നതും. അവിടെ വന്ന ബഹുഭൂരിപക്ഷം പേരും ഒന്നും കിട്ടാതെ മടങ്ങുമ്പോൾ ബുദ്ധിയുള്ള ചെറുപ്പക്കാർ ചോദിക്കും എല്ലാവർക്കും സൗഖ്യം എന്നല്ലേ സംഘാടകർ വാഗ്ദത്തം ചെയ്തത്. എന്നിട്ട് ഈ ഒരു നടുവേദന മാത്രമാണോ ദൈവം അറിഞ്ഞത്.?



സംയുക്ത സഭായോഗത്തിലെ കർത്തൃമേശാ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം.ഓ. ഏലിയാസ് നേതൃത്വം കൊടുക്കുന്നു







റവ. കെൻ ആൻഡേഴ്സൺ, പാസ്റ്റർമാരായ എം. കുഞ്ഞപ്പി, പി.ജി. മാത്യൂസ്, ജെ. ജോസഫ്, പ്രൊഫ. പി.ജെ. കുര്യൻ







ശ്രീ. ആന്റോ ആന്റണി, എം.പി. ബഹു. മന്ത്രി മാത്യു ടി. തോമസ്, പാസ്റ്റർമാരായ ബാബു ചെറിയാൻ, ജോൺ തോമസ്, പി.ആർ. ബേബി







സണ്ണി താഴാപ്പള്ളം, ജോൺസൺ ഡായിയേൽ, ഷിബു കെ. മാത്യു, തോമസുകുട്ടി ഏബ്രഹാം, റെജി മാത്യു







വൈ. ജോസ്, വൈ. റെജി, ഷിബു തോമസ്, ജെയ്സ് പാണ്ടനാട്, ജോസഫ് മറ്റത്തുകാലാ





# നോർത്ത് അമേരിക്കൻ ദൈവസഭ സമ്മേളനം ഹ്യൂസ്റ്റൺ

**അറ്റ്ലാന്റാ:** ഇരുപത്തിരണ്ടാമതു നോർത്ത് അമേരിക്കൻ ദൈവസഭ സമ്മേളനം ഹ്യൂസ്റ്റൺ ജോർജ് ബുഷ് ഇന്റർനാഷണൽ എയർപോർട്ടിനടുത്തുള്ള ഹിൽട്ടൺ ഹോട്ടലിൽ ജൂലൈ 13 മുതൽ 16 വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

അമേരിക്കയിലും കാനഡായിലുമുള്ള ദൈവസഭ വിശ്വാസികളുടെയും ഹ്യൂസ്റ്റണിലുള്ള എല്ലാ സുവിശേഷ സ്നേഹികളുടെയും ഈ ആത്മീയ സംഗമം എല്ലാ നിലയിലും വിജയപ്രദമാക്കാനുള്ള വിപുലമായ ക്രമീകരണങ്ങൾ നാഷണൽ, ലോക്കൽ കമ്മറ്റികളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഈ വർഷത്തെ സമ്മേ ളനത്തിൽ ദൈവസഭകളുടെ ജനറൽ ഓവർസിയർ ആയിരിക്കുന്ന റവ. ടിം ഹില്ലിനെ കൂടാതെ കേരളത്തിൽ നിന്നും റവ പി.ഐ. എബ്രഹാം (കാനംഅച്ചൻ), പാസ്റ്റർ അനീഷ് ഏലപ്പാറ എന്നിവർ മുഖ്യപ്രസംഗകരായിരിക്കും. കൂടാതെ അമേരിക്കയിലും കേരളത്തിലുമുള്ള പ്രഗത്ഭരായ മറ്റു ദൈവദാസന്മാരും വചനം പ്രഘോഷിക്കും.

സമ്മേളനത്തിന്റെ ആദ്യ രജിസ്ട്രേഷൻ കിക്ക് ഓഫ് മീറ്റിങ് നവംബർ 19ന് ലോക്കൽ കോർഡിനേറ്റർ റവ. ജോൺ തോമസിന്റെ അധ്യക്ഷതയിൽ ഹൂസ്റ്റണിൽ നടന്നു. ദേശീയ സമ്മേളനത്തിന്റെ ആദ്യ രജിസ്ട്രേഷൻ ഹ്യൂസ്റ്റൺ പ്രധിനിധി റവ.സണ്ണി താഴാംപള്ളത്തിൽ നിന്നും നാഷണൽ പ്രസിഡന്റ് റവ. മാത്യു കെ. ഫിലിപ്പ് സ്വീകരിച്ചു. പാസ്റ്റർ ടി.തോമസ് മുഖ്യാതിഥി ആയിരുന്നു. എക്സിക്യൂട്ടീവ് അംഗങ്ങളായ പാസ്റ്റർ ബഞ്ചമിൻ തോമസ്, ബിജു തോമസ്, ബിനോയ് മാത്യു, റോബിൻ രാജു, ഡോ. ജോളി ജോസഫ് എന്നിവർ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു. റവ. സണ്ണി താഴംപള്ളം സ്വാഗതവും ഡോ. വർക്കി തോമസ് നന്ദിയും പറഞ്ഞു. വിവിധ സഭകളിൽ നിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കുകയും ആശംസ അറിയിക്കുകയും ചെയ്തു.



റവ. ടിം ഹിൽ, പി.ഐ. എബ്രഹാം, പാസ്റ്റർ അനീഷ് ഏലപ്പാറ

ജനുവരി അവസാന വാരാന്ത്യത്തിൽ ടെന്നസി, അറ്റ്ലാന്റ എന്നിവിടങ്ങളിൽ പ്രമോഷണൽ മീറ്റിങ്ങുകൾ നടത്തി. സമ്മേളനത്തിന് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 30 നു മുൻപായി രജിസ്റ്റർ ചെയ്താൽ രജിസ്ട്രേഷനിൽ ഇളവും സമ്മേളന സ്ഥലത്തു തന്നെ താമസ സൗകര്യവും ലഭിക്കുന്നതാണ്.

ഫെബ്രുവരി രണ്ടാം വാരാന്ത്യത്തിൽ ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാഡൽഫിയ എന്നിവിടങ്ങളിലും മാർച്ച് പതിനൊന്നിന് ഡാലസിലും പ്രമോഷണൽ മീറ്റി ങ്ങുകൾ നടക്കുമെന്ന് പ്രസിഡന്റ് റവ. മാത്യു കെ.ഫിലിപ്പ് പ്രസ്താവിച്ചു. അതിനുള്ള ക്രമീകരണങ്ങൾ സ്റ്റേറ്റ് പ്രതിനിധികൾ ചെയ്തുവരുന്നു.

സഹോദരിമാരുടെ പ്രത്യേക സമ്മേളനത്തിനുള്ള ക്രമീകരണങ്ങൾ ഡോ. ജോളി ജോസഫ്, ഗ്ലോറി ജോസഫ്, സൂസൻ ജോസഫ്, സൂസൻ ഡേ വിഡ്, ഏലിയാമ്മ തോമസ്, ബിനി തോമസ് എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

ഈ വർഷം യുവജനങ്ങൾക്കായി വ്യാഴാഴ്ച മുതൽ തന്നെ പ്രത്യേക മീറ്റിങ്ങുകൾ ഉണ്ടായിരിക്കുന്നതാണ്. ദൈവസഭയുടെ മൂന്നും നാലും തലമുറകളിലുള്ള യുവജനങ്ങൾ തന്നെ ആയിരിക്കും ദൈവവചനം പ്രഘോഷിക്കുന്നതെന്ന് യൂത്ത് കോർഡിനേറ്റർ റോബിൻ രാജു പ്രസ്താവിച്ചു. സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി റവ. സാംകുട്ടി മാത്യുവിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 8:00 (Cetnral) 9:00 (Eastern) മണിക്ക് പ്രേത്യേക പ്രാർത്ഥന നടന്നുവരുന്നു. പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ 712 432 9900 (Access code 279505) എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. റവ. മാത്യു കെ ഫിലിപ്പ്, റവ. ബഞ്ചമിൻ തോമസ്, ബ്രദേഴ്സ് ബിജു തോമസ്, ബിനോയ് മാത്യു, റോബിൻ രാജു, സിസ്റ്റർ ജോളി ജോസഫ്, പാസ്റ്റർ ജോൺ തോമസ് എന്നിവരാണ് ഈ സമ്മേളനത്തിന് നേതൃത്വം കൊടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.northamericancog.org

## സ്കൂൾകലോത്സവം നേട്ടവുമായി പെന്തെക്കോസ്ത് വിദ്യാർത്ഥിനി



**റാന്നി:** സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃത കവിതാ രചനയിൽ എ ഗ്രേഡ് ഒന്നാം സ്ഥാനം നേടി കെ. നിതിയ പെന്തെക്കോസ്ത് സമൂഹത്തിന് അഭിമാനമായി മാറി. സംസ്ഥാന സ്കൂൾ സംസ്കൃതോത്സവത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ലഭിച്ച ഏക ഒന്നാംസ്ഥാനവും എ ഗ്രേഡുമാണിത്. ഡബ്ല്യു. എം.ഇ റാന്നി സെന്ററിലെ ചേത്തയ്ക്കൽ എലിം സഭാംഗമാണ്. എട്ടാം ക്ലാസ് മുതൽ തുടർച്ചയായ മൂന്ന് വർഷം സംസ്കൃത കവിതാ രചനയ്ക്കും സംഘഗാനത്തിനും സംസ്ഥാനത്ത് എ ഗ്രേഡ് നേടിയിട്ടുണ്ട്. മികച്ച നേട്ടം കൈവരിച്ച നിതിയയെ ഡബ്ല്യു. എം.ഇ യൂത്ത് ഫെല്ലോഷിപ്പ്, സണ്ടേസ്കൂൾ മിനിസ്ട്രി ഭാരവാഹികളായ ഡോ. എം.കെ. സുരേഷ്, രാജൻ മാത്യു, നിബു അലക്സാണ്ടർ, സതീഷ് തങ്കച്ചൻ എന്നിവർ അനുമോദിച്ചു.


## MATRIMONIAL

രാജസ്ഥാനിലെ ജയ്പൂരിനു സമീപം ബസ്സിയിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്തുന്ന പെന്തക്കോസ്തു മാതാപിതാക്കൾ (ഐ.പി.സി) തങ്ങളുടെ 4 മക്കൾക്കായി അനുയോജ്യമായ വിവാഹലോചനകൾ ക്ഷണിക്കുന്നു.

30 വയസ്സുള്ള മൂത്തമകൾ 5.5 Feet ഉയരം M.A.Eng.Lift സ്കൂളിന്റെ വൈസ് പ്രിൻസിപ്പാലായി ജോലി ചെയ്യുന്നു.

26 വയസ്സുള്ള ഇളയമകൾ. 5 എലലഌ ഉയരം. M.A. Evg litt സ്കൂളിൽ ജോലി ചെയ്യുന്നു. ഇവർക്കായി സുവിശേഷ വേലയ്ക്കു താല്പര്യമുള്ളവരും ഉന്നത വിദ്യാഭ്യാസമുള്ളവരുമായ പെന്തക്കോസ്തു വിശ്വാസികളായ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

24 വയസ്സുള്ള മകൻ 5.5 feet ഉയരം M.A.Eng.Lift സ്കൂൾ അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്നു. I.A.S ന് പരിശീലിക്കുന്നു.

21 വയസ്സുള്ള ഇളയ മകൻ 5 അടി ഉയരം B.A. Eng B.Th ന് പഠിക്കുന്നു. വിദ്യാഭ്യാസമുള്ള പെന്തക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**09784113105**

****************

പെന്തെക്കോസ്ത് യുവതി, 27, 163 സെ.മീ. B.Tech (MNC) സ്വദേശത്തോ, വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9526047177**


## പെന്തക്കോസ്ത് യൂത്ത് കൗൺസിൽ ഉദ്ഘാടനം 14 ന്

**തിരുവല്ല:** പെന്തെക്കോസ്തു സഭകളുടെ സംയുക്ത വേദിയായ പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ (പി.സി.ഐ) യുവജന വിഭാഗമായ പെന്തെക്കോസ്തൽ യൂത്ത് കൗൺസിലിന്റെ (പി.വൈ.സി) പ്രവർത്തന ഉദ്ഘാടനം ഫെബ്രുവരി 14 ന് 3 മണിക്ക് തിരുവല്ല വൈ.എം.സി.എ ഹാളിൽ നടക്കും. പി.സി.ഐ ചെയർമാൻ തോമസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി ഗ്ലാഡ്സൺ ജേക്കബ് അദ്ധ്യക്ഷത വഹിക്കും. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആന്റോ ആന്റണി എം.പി.യും ലോഗോ പ്രകാശനം രാജു ഏബ്രഹാം എം.എൽ.എ യും നിർവഹിക്കും. പ്രസിഡന്റ് കെ.ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും.

## ഭാരതപ്പുഴ കൺവെൻഷൻ

**ഒറ്റപ്പാലം:** പ്രസിദ്ധമായ ഭാരതപ്പുഴ കൺവെൻഷൻ ഫെബ്രുവരി 23 മുതൽ 26 വരെ ഒറ്റപ്പാലം ഭാരതപ്പുഴ മണൽപ്പുറത്ത് നടക്കും. പാസ്റ്റർമാരായ ടി.ജെ. സാമുവേൽ, വറുഗീസ് എബ്രഹാം, തോമസ് മാമൻ, ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും. ശാലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സ്റ്റീഫൻ ദേവസി, ബ്ലസൻ മേമന എന്നിവർ ഗസ്റ്റ് സിങ്ങേഴ്സായി ഗാനങ്ങൾ ആലപിക്കും. 24 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനയും 26 ഞായറാഴ്ച ഉച്ചയ്ക്കുശേഷം യുവജന സമ്മേളനവും നടക്കും.

## എം.എസ്.സി. ഫിസിക്സ് ഫസ്റ്റ്റാങ്ക് വിശ്വാസിക്ക്



**കരിയംപ്ലാവ്:** എം.ജി യൂണിവേഴ്സിറ്റി എം.എസ്.സി. ഫിസിക്സ് ഒന്നാം റാങ്ക് സുബി മാത്യു കരസ്ഥമാക്കി. ഡബ്ല്യു.എം. ഇ എഴുമറ്റൂർ സെന്ററിൽ അറഞ്ഞിക്കൽ ലോക്കൽ സഭയിലെ മാത്യു-തങ്കമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളാണ് സുബി മാത്യു. യൂണിവേഴ്സിറ്റി തലത്തിൽ പോസ്റ്റ് ഗ്രാജുവേഷന് ഒന്നാം റാങ്ക് നേടിയ സുബി മാത്യു, ഡബ്ല്യു. എം. ഇ സഭകൾക്കും പെന്തെക്കോസ്ത് സമൂഹത്തിനും അഭിനന്ദനാർഹമായ നേട്ടമാണ് നൽകിയിരിക്കുന്നതെന്ന് ഡബ്ല്യു.എം. ഇ ജനറൽ പ്രസിഡന്റ് റവ.ഒ.എം. രാജുക്കുട്ടി പ്രസ്താവിച്ചു. മികച്ച വിജയം കൈവരിച്ച സുബി മാത്യുവിനെ ഡബ്ല്യു.എം.ഇ യൂത്ത് ഫെല്ലോഷിപ്പ്, സണ്ടേസ്കൂൾ മിനിസ്ട്രി ഭാരവാഹികളായ ഡോ. എം.കെ. സുരേഷ്, രാജൻ മാത്യു, നിബു അലക്സാണ്ടർ, സതീഷ് തങ്കച്ചൻ എന്നിവർ അനുമോദിച്ചു.

## ഒന്നാം റാങ്ക് ലഭിച്ചു



**വയനാട്:** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയില് നിന്നും എം.എസ്.സി. പോളിമർ കെമിസ്ട്രിയിൽ പെന്തക്കോസ്തു വിശ്വാസിനിക്ക് ഒന്നാം റാങ്കിന്റെ തിളക്കം. ബത്തേരി കുപ്പാടി തൈനില്ക്കുന്നതിൽ ഏബ്രഹാം വർഗ്ഗീസിന്റേയും റെജീനയുടേയും മകൾ ഹെബ്സിബ മരിയ ഏബ്രഹാം (കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട) ആണ് വയനാടിന്റെ അഭിമാനമായി റാങ്ക് ജേതാവായത്. സുൽത്താൻബത്തേരി ബഥേൽ ഗോസ്പൽ അസംബ്ലി സഭാംഗങ്ങളാണ് ഈ കുടുംബം.


## പ്രിമിയം ഡബിൾ കോടിപതി




സി.ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി

2016-17 സാമ്പത്തിക വർഷത്തിൽ 2 കോടി ഫസ്റ്റ് പ്രിമിയം സമാഹരിച്ച് കൊട്ടാരക്കര ബ്രാഞ്ചിന്റെ ഫസ്റ്റ് ഡബിൾ കോടിപതിയായും തിരുവനന്തപുരം ഡിവിഷനിൽ 2-ാം സ്ഥാനവും കരസ്ഥമാക്കി ചരിത്ര റിക്കാഡുകൾ ഭേദിച്ചിരിക്കുന്നു. കൊട്ടാരക്കര ബ്രാഞ്ചിൽ ഇതുവരെയും ആർക്കും ലഭിക്കാത്ത Corporate Club Member MDRT (USA), TOT ലഭിച്ച ഏക ചീഫ് ലൈഫ് ഇൻഷുറൻസ് അഡ്വൈസറാണ് സാറാമ്മ സാംകുട്ടി. തുടർന്നും എല്ലാ പോളിസി ഉടമകളുടെയും ദൈവദാസന്മാരുടെയും ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. നന്ദിയും അറിയിക്കുന്നു.

**SARAMMA SAMKUTTY**

Chief Life Insurance Advisor
Jeevan Jyothi Policy Service Center
Opp. Private Bus stand, Pulamon, Kottarakara - 691531
Office : 0474 2650503, Ph : 9447192916, 9446185886
sarammasamkutty@yahoo.com

Gilgal Gem Bhavan
Enathu P.O., Pathanamthitta - 691526



# വാർദ്ധക്യത്തിലെത്തുമ്പോൾ



പി.ജി. വർഗീസ്

കഴിഞ്ഞ ലക്കം തുടർച്ച

നിങ്ങൾക്ക് 60 വയസാകുമ്പോൾ, മധ്യവയസിലേക്കുള്ള പടികൾ ചവിട്ടിക്കയറുന്ന സമയമാണ്. ആ സമയത്ത് നിങ്ങൾ പൂർണമായും ആരോഗ്യമുള്ളവരായിരിക്കണം. ലാബിലെ റിപ്പോർട്ട് കണ്ടിട്ട് ഡോക്ടർ, 'ഭാഗ്യവാൻ ഭാഗ്യവതി' എന്നു പറയുവാൻ ഇടയായിത്തീരണം.ഞാനൊരിക്കൽ മധ്യപ്രദേശിൽ പ്രസംഗിക്കുവാൻ പോയി. ദിവസം മൂന്നു പ്രാവശ്യം തുടർച്ചയായി പ്രസംഗിച്ചതിനാൽ തൊണ്ട അടച്ചു, തൊണ്ടവേദനയുമുണ്ടായി. ഞാൻ ആശുപത്രിയിൽ ചെന്ന് ഡോക്ടറെ കണ്ടു. അദ്ദേഹം എന്റെ രക്തസമ്മർദ്ദം, രക്തം എല്ലാം പരിശോധിച്ചു. പ്രായം ചോദിച്ചു. പിന്നീട് എന്റെ

പത്രത്തിലും കുടുംബമാസികയിലും വരുന്ന ആരോഗ്യത്തെപ്പറ്റിയുള്ള എല്ലാ ലേഖനങ്ങളും വായിച്ച. ക. 60-ന്റെ പടി കയറുമ്പോൾ ചുറുചുറുക്കുള്ള മധ്യവയസ്ക്കരായിരിക്കുവാൻ നിങ്ങളാൽ ചെയ്യാവുന്നതെല്ലാം ചെയ്യുക. ദീർഘായുസിനെ പറ്റിയും ആരോഗ്യത്തെപ്പറ്റിയുമുള്ള എല്ലാ ലേഖനങ്ങളും വായിക്കുക. വാർദ്ധക്യം തുടങ്ങുന്ന 60 വയസു മുതൽ മരണം വരെയുള്ള കാലഘട്ടത്തിലേക്ക് ഞാൻ ഇനി വിശദമാക്കാം. നിങ്ങൾ പ്രായം അറിഞ്ഞിരിക്കണം. ശരീരത്തിൽ പ്രായം വരുത്തുന്ന മാറ്റങ്ങൾ, പരിമിതികൾ അറിഞ്ഞിരിക്കണം. പക്ഷേ, 'ഞാൻ വയസനായി' 'ഞാൻ വയസനായി' എന്നു വിശ്വസിക്കരുത്, അംഗീകരിക്കരുത്, സമ്മതിച്ചു കൊടുക്കരുത്. യൗവനം വിളിച്ചുവരുത്തുക ഒരിക്കലും മരണം വിളിച്ചുവരുത്തരുത്. അതേ, നിങ്ങൾ ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തിലേക്കു നടന്നു കയറി. അതിന്റെ അർത്ഥം നിങ്ങൾ മരണത്തെ പുണരുവാൻ തയ്യാറാകണമെന്നാണോ? മരണം വരുമ്പോൾ വരട്ടെ. കർത്താവിന്റെ അടുക്കലെത്തുവാൻ നാം ഒരുക്കമുള്ളവരായിരിക്കണം. ബാലനും യൗവ്വനക്കാരനും ഒരുങ്ങിയിരിക്കണം. പക്ഷേ നാം അതിനായി കാത്തിരിക്കരുത്.

ജീവിതയാത്ര നാലു നിലയുള്ള കെട്ടിടത്തിന്റെ പടികൾ നടന്നുകയറുന്നതു പോലെയാണ്. ഒന്നാം നില: 20 പടികൾ ഒന്നു മുതൽ 20 വയസുവരെ പ്രായം. കൂടെ നടക്കുവാൻ പലരുമുണ്ട്. ചിലർ ഇടയ്ക്ക് വിട്ടുമാറുന്നു. മറ്റു ചിലർ കൂടെ കൂടുന്നു. രണ്ടാം നില: 20 പടികൾ. ഇരുപതു മുതൽ നാൽപതു വയസുവരെ പ്രായം. സന്തോഷം, സന്താപം. സന്തോഷ തിമർപ്പ്. കൂടെ നടക്കുന്ന ചിലർ വിട്ടുപോകുന്നു. മറ്റു പലരും കൂടെ കൂടുന്നു. മൂന്നാം നില: 20 നടപടികൾ. നാൽപ്പതു മുതൽ 60 വയസുവരെ പ്രായം. നാലാം നില: 20 പടികൾ. 60 മുതൽ 80 വയസുവരെ. ഇവയിൽ എത്ര പടികൾ നടന്നുകയറുവാൻ കഴിയുമെന്ന് പറയുവാൻ സാദ്ധ്യമല്ല. അഞ്ചാം നില: 80 വയസിനു ശേഷമുള്ള യാത്ര.

ഇത്രയും മനസിൽ കരുതിക്കൊണ്ടു വേണം അറുപതാം വയസിൽ എത്തുന്നവർ നടന്നുകയറേണ്ടത്. ചെറുപ്പം മുതൽ ശ്രദ്ധിച്ചാൽ ഈ നടപ്പിലെ ക്ലേശം കുറയ്ക്കുവാൻ സാധിക്കും. ആഹാരംനിയന്ത്രണം, ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധ, വ്യായാമം കുറ്റമില്ലാത്ത മനസാക്ഷി, മനുഷ്യരോടു നിരപ്പു പ്രാപിച്ചുള്ള ജീവിതം, മാന്യരും സൽസ്വഭാവികളുമായ കൂട്ടുകാർ, വാർധക്യത്തിലേക്ക് ആവശ്യയാത്ര സമ്പാദ്യം, സൽപ്പേര്, ദൈവപ്രസാദം, സ്വന്തനാട്ടിലെ മനുഷ്യരുടെ പ്രീതി, നാട്ടിൽ ബഹുമാനം എന്നിവ നേരത്തെ മുതൽ കരുതണം. ഇവയിൽ ഒന്നോ, ചിലതോ നഷ്ടമാക്കിയെങ്കിൽ തിരികെ പോയി ഇവ നേടുവാനോ, നേരെയാക്കുവാനോ സാദ്ധ്യമല്ല. അതിനാൽ ഇതിൽ ഏതെങ്കിലും നഷ്ടമായോ? നേരെയാക്കുവാൻ, ജീവിതശൈലിയിൽ വ്യതിയാനം വരുത്തുവാൻ ഇപ്പോൾ സമയമുണ്ട്. ഓർക്കുക, ഈ പട്ടികയിലെ ഏഴു കാര്യങ്ങളും അതി പ്രധാനങ്ങളാണ്.

ഇനി ഈ 60 പടികൾ നടന്നു കയറി, അടുത്ത നിലയിലേക്ക് നടന്നു തുടങ്ങുന്നവരോട് പറയട്ടെ: സന്തോഷമായിരിക്കുക. സന്തോഷം നിറഞ്ഞ മനസിന് ഉടമയായിരിക്കു. ചിരിക്കുക, കൂടുതൽ ചിരിക്കുക. പൊട്ടിച്ചിരിക്കുക.

ഇന്നു മരണം വന്നാൽ മരിക്കാൻ ഒരുങ്ങിയിരിക്കുക. പക്ഷേ മരണത്തെ ദൂരെ മാത്രം കാണുക. "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപത് സംവൽസരം, അതിന്റെ ഏറിയാൽ എൺപതു സംവത്സരം" (സങ്കീ.90:10). അത് മരുഭൂമിയിലൂടെ നടന്ന യിസ്രായേൽ ജനത്തിന്റെ പാട്ടാണ്. നാം ശ്രദ്ധിച്ചു ജീവിച്ചാൽ, ദൈവം കൂടെ നടന്നാൽ 80 വയസിലും അതിൽ കൂടുതൽ കാലവും ആരോഗ്യത്തോടെ, സമാധാനത്തോടെ, സന്തോഷത്തോടെ ചിരിച്ചുകൊണ്ട് ജീവിക്കുവാൻ പരിശ്രമിക്കുക.

60 കഴിയുന്നവർ, 80 കഴിയുന്നവർ പ്രാർത്ഥനയ്ക്കും ദൈവവചനധ്യാനത്തിനുമായി സമയവും ദിവസവും മാറ്റി വെക്കണം. മനസിന് ആശ്വാസവും സമാധാനവും തരുന്ന ഒന്നോ, രണ്ടോ ക്രിസ്തീയ മാസികകൾ വരുത്തി വായിക്കുക. മാസിക വരുത്തുന്നവരിൽ നിന്നും വാങ്ങി വായിച്ച് സയമത്തിന് തിരികെ കൊടുക്കുക. ഞായറാഴ്ച ആരാധന മുടക്കരുത്. ശരീരസ്ഥിതി അനുവദിക്കുന്നില്ലെങ്കിൽ മാത്രം വീട്ടിലിരുന്ന് ഒറ്റയ്ക്കോ തുണയുമായോ ആരാധിക്കുക. ടെലിവിഷനിൽ നിന്നും ഒന്നോ രണ്ടോ സന്ദേശങ്ങൾ കേൾക്കുക. പ്രാർത്ഥിക്കുക. അൽപ്പം വിശാലമായി പ്രാർത്ഥിക്കുക. അടുത്ത വീട്ടിൽ ആരാധന ഉണ്ടെങ്കിൽ സംബന്ധിക്കുക. ലൈബ്രറിയിൽ നിന്ന് നല്ല പുസ്തകങ്ങൾ, പ്രത്യേകിച്ച് മഹാൻമാരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ എന്നിവ എടുത്ത് വായിക്കുക. നിങ്ങളുടെ സഭാശുശ്രൂഷകന്റെ പക്കൽ നല്ല പുസ്തകങ്ങൾ ഉണ്ടാകും. അവ വാങ്ങി വായിച്ച്, കേടുവരുത്താതെ, സമയത്തിന് തിരികെ കൊടുക്കുക. വീട്ടിലുള്ളവരെ കുറ്റം പറയാതിരിക്കുക. വീട്ടിലേക്കുള്ളവരോട് ദേഷ്യപ്പെടാതിരിക്കുക. ഇണയുടെ വീട്ടുകാർ ചെയ്ത തെറ്റുകൾ, അബദ്ധങ്ങൾ, ദോഷങ്ങൾ, ഭോഷത്വങ്ങൾ, ഒരിക്കലും വെറുതേ വാർത്തയായി പോലും 'ഓർത്തപ്പോൾ പറയുകയാണ്' എന്നു പറഞ്ഞ് സംസാരിക്കരുത്. ഇണയത് നിശബ്ദമായിനിന്നു കേട്ടാലും ഹൃദയത്തിൽ കുറ്റബോധമോ ദുഃഖമോ അലയടിക്കാം.

പഴയത് മറക്കുക. വീണ്ടും പറയുമ്പോൾ ചാരം മൂടിക്കിടന്ന വേദനിപ്പിക്കുന്ന ഓർമ്മകളെ ഊതിക്കത്തിക്കുകയാണ്. ഇണയ്ക്ക് വേദന നൽകി എന്നതല്ലാതെ നിങ്ങൾ എന്തു നേടി?

മക്കളുടെ, കൊച്ചുമക്കളുടെ വിവാഹദിനം, ജന്മദിനം കുറിച്ചിടുക. അന്ന് ഫോൺ ചെയ്ത് ആശംസകൾ അറിയിക്കുക. ഒരു സമ്മാനം കൊടുക്കുവാൻ സാധിക്കുമെങ്കിൽ കൊടുക്കുക. മക്കൾക്ക് കൊച്ചുമക്കൾക്ക് കൊച്ചു കൊച്ചുസമ്മാനങ്ങൾ കൊടുക്കുന്നതിനേക്കാൾ നല്ലത് അവർക്ക് കാര്യമായ ഒരു നല്ല സമ്മാനം കൊടുക്കുന്നതാണ്. കാണുമ്പോഴൊക്കെ 100, 1000 രൂപ കൊടുക്കുന്നതിനേക്കാൾ, ഓരോ ജൻമദിനത്തിനും 2500 രൂപയുടെ ഷർട്ട് വാങ്ങി കൊടുക്കുന്നതിനേക്കാൾ നല്ലത് ഒരു ലക്ഷം രൂപ ഒന്നിച്ചുകൊടുക്കുന്നതാണ്. ജന്മദിനത്തിനു എന്തെങ്കിലും കൊടുക്കണമെന്നുണ്ടോ? കൊടുത്താട്ടെ. നല്ല നല്ല പുസ്തകങ്ങൾ വാങ്ങികൊടുക്കുക. ഇംഗ്ലീഷ് അറിയാവുന്നവരും വായനയിൽ താൽപര്യമുള്ളവർക്കു വേണ്ടി റീഡേഴ്സ് ഡൈജസ്റ്റ് മാസിക ഒരു വർഷത്തേയ്ക്ക് ഓർഡർ ചെയ്യുക. പക്ഷേ നല്ല ഒരു തുക ഒന്നിച്ചുകൊടുത്താൽ അവർക്കത് പഠനാവശ്യങ്ങൾക്കോ, മറ്റൊരു അവസരത്തിലോ ജീവിതത്തിൽ മുതൽക്കൂട്ടാകും.

വാർദ്ധക്യത്തിലെത്തുമ്പോൾ ചിലർക്കത് അംഗീകരിക്കുവാൻ പ്രായാസമുണ്ടാകും. മാനസിക സംഘട്ടനം ഉണ്ടാകും. വാർധക്യ കാലത്തേയ്ക്ക് മാനസികമായി ഒരുങ്ങണം. പ്രായം അംഗീകരിക്കണം. പ്രായം കൂടുന്നതിനനുസരിച്ച് ശാരീരികമായി പല പ്രയാസങ്ങളും ഉണ്ടാകുമെന്ന് മനസിലാക്കണം. ഇരുന്നിട്ട് എഴുന്നേൽക്കുമ്പോൾ തലകറക്കമുണ്ടായേക്കാം. പടികയറുവാൻ പ്രയാസമുണ്ടാകും. ഒരു ഊന്നുവടിയുടെ ആവശ്യമുണ്ടാകും. പക്ഷേ യൗവനക്കാരാണെന്നു മനസിൽ നിരൂപിച്ച് പെരുമാറുക. നെഞ്ചു നിവർത്തി വടി കുത്തിയാണെങ്കിലും വേഗത്തിൽ നടക്കുക.

. നിങ്ങൾ അപ്പനായിരുന്നപ്പോൾ അമ്മയായിരുന്നപ്പോൾ മക്കളെ ഉപദേശിച്ചു, ശാസിച്ചു. അവർക്കു മുന്നിൽ നിബന്ധനകൾ വെച്ചു. പക്ഷേ നിങ്ങൾക്ക് 60,70,80 വയസാകുമ്പോൾ ഇതെല്ലാം തിരിച്ചാകും. മക്കൾ, കൊച്ചുമക്കൾ ശാസിക്കാം, നിബന്ധനകൾ വെക്കാം, ഉപദേശിച്ചേക്കാം. ഇതോർത്ത് വിലപിക്കുകയും നിരാശപ്പെടുകയും ചെയ്യേണ്ട. മാനസികമായി അംഗീകരിക്കുക. മക്കളും കൊച്ചുമക്കളുമായി സഹകരിക്കുക. അവരോട് എതിർക്കരുത്. 'എന്നെ ആരും നിയന്ത്രിക്കേണ്ട' എന്നു പറയരുത്. അത് നിത്യജീവിതത്തിൽ ഉരസലും ഉലച്ചിലും ഉണ്ടാകും. മക്കളുടെ വീട്ടിലോ ഓൾഡ് ഏജ് ഹോമിലോ താമസിക്കുകയാണെങ്കിൽ നിബന്ധനകൾക്കും നിയമങ്ങൾക്കും വഴിപ്പെടുവാൻ മനസിൽ ഒരുങ്ങിയിരിക്കണം. അല്ലെങ്കിൽ നിങ്ങൾക്കും അവർക്കും പിരിമുറുക്കവും മാനസിക സംഘർഷവും ഉണ്ടാക്കും.

വെറുതെ ഇരിക്കാതിരിക്കാൻ ശ്രമിക്കുക. പൂച്ചെടികൾ, പച്ചക്കറികൾ മുതലായവ നട്ടു വളർത്താം. ആരോഗ്യമുണ്ടെങ്കിൽ ആടിനെ അഥവാ പശുവിനെ വളർത്താം ഇവയൊക്കെ മനസിന് ഉൻമേഷം നൽകും. എന്തെങ്കിലുമൊക്കെ വായിക്കാം. ടെലിവിഷൻ പരിപാടികൾ കുറച്ചു കാണാം. പത്രത്തിൽ നോക്കി ഏതൊക്കെ പ്രോഗ്രാം കാണണമെന്നു രാവിലെ തന്നെ നിശ്ചയിക്കുന്നത് ബുദ്ധിയാണ്. ടെലിവിഷൻ സമയം കൊല്ലിയാണ്. ചിലപ്പോൾ മൂന്നോ നാലോ മണിക്കൂർ കണ്ടാലും ഒടുവിൽ ഉള്ളി തൊലിച്ചതുപോലെയാണ് ഒന്നുമില്ല. ഒന്നും കിട്ടിയതുമില്ല. സമയം നഷ്ടപ്പെടുത്തിയതും മിച്ചം. അതിനാൽ വായിക്കുക.

എഴുതാൻ ശ്രമിക്കുക. മാസികയിലേക്ക് ഒരു ലേഖനം എഴുതുക. ഒരു കവിതയോ, കഥയോ എഴുതുക. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് എഴുതുവാൻ പ്രേരണ ഉണ്ടാകുമ്പോഴൊക്കെ പത്രങ്ങളുടെ, മാസികകളുടെ പത്രാധിപർക്ക് കത്തുകൾ എഴുതുക. അഭിപ്രായങ്ങൾ അറിയിക്കുക.വളരെയേറെ പേർ ഈ കത്തുകൾ വായിക്കുന്നുണ്ട്. അതിനാൽ എഴുതുക.

സഭയിൽ നാട്ടിലെ സുവിശേഷപ്രവർത്തനത്തിൽ കാര്യമായ പങ്കുവഹിക്കുക. വീഴാതിരിക്കുവാൻ വടി സഹായിക്കും. ഇതേപോലെ വീഴാനിടയാക്കാത്ത ചെരുപ്പ് ധരിക്കുവാൻ മറക്കരുത്. പുറകിൽ വാറുള്ള ചെരുപ്പാണ് ഏറ്റവും സുരക്ഷിതം. ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ചിലപ്പോൾ കാലുതെന്നി പാളത്തിലേക്ക് വീഴുവാൻ പാളത്തിലേക്ക് വീഴുവാൻ സാദ്ധ്യതയുണ്ട്. അഥവാ വീണാൽ എഴുന്നേൽക്കുവാൻ ശ്രമിക്കരുത്. അവിടെ തന്നെ കിടക്കുക. അനങ്ങരുത്. ആരെങ്കിലും ഗാർഡിനെയോ ടിടിആറിനെയോ വിവരം അറിയിച്ച് അവർ വന്നശേഷം മാത്രം എഴുന്നേൽക്കുക. ചിലപ്പോൾ ട്രെയിൻ പോയെന്നുവരാം. പക്ഷേ ജീവൻ പോകില്ലല്ലോ.

നിങ്ങളുടെ മൊബൈൽ ഫോണിൽ ആദ്യത്തെ ഫോൺ നമ്പർ നിങ്ങളുടെ പ്രിയപ്പെട്ടവർ ആരുടെയെങ്കിലുമായിരിക്കട്ടെ. യാത്രയ്ക്കിടയിൽ എന്തെങ്കിലും സംഭവിച്ചാൽ ഫോൺ കിട്ടുന്നവർക്ക് അവരെ വിളിക്കുവാൻ ഇതുപകരിക്കും. നിങ്ങൾ മരിച്ചുകഴിയുമ്പോൾ നിങ്ങളെ മക്കൾ, അയൽക്കാർ, സഭയിലുള്ളവർ ഓർമ്മിക്കത്തക്കവണ്ണം എന്തെങ്കിലുമൊക്കെ ചെയ്യുക. കൊടുക്കുക. ഒരു പുസ്തകം, വായിച്ച ഒരു മാസിക, ജൻമ ദിവസം ഒരു പൂവ്, ഒരു ചോക്ലേറ്റ് ഇവയ്ക്കൊന്നും വലിയ ചെലവില്ല. പക്ഷേ അവരുടെ ഓർമ്മയിൽ തങ്ങി നിൽക്കും.

നിങ്ങൾ മക്കളോടും കൊച്ചുമക്കളോടും കൂടെ താമസിക്കുകയാണോ? മക്കളുടെ കുടുംബജീവിതത്തിൽ കൈകടത്തരുത്. അവരെന്ത് ചെയ്യണം, എന്തു ചെയ്യരുത് എന്ന് ഉപദേശിക്കരുത്. ചോദിച്ചാൽ എന്ന്

വീടിനകത്ത് കാർപ്പെറ്റ് ഒഴിവാക്കുക. അലർജി രോഗാണുക്കൾ തങ്ങിനിൽക്കുവാൻ ഇത് ഇടയാക്കുന്നു. വീടുകൾക്ക് പടികൾ അകത്തോ, പുറത്തോ നല്ലതല്ല, തട്ടിവീഴാം. എന്നെങ്കിലും വീൽചെയർ ഉപയോഗിക്കേണ്ടി വന്നാൽ ഇതു തടസ്സമാകുന്നു. തെന്നി വീഴുവാൻ സാദ്ധ്യതയുള്ള തറവാർധക്യത്തി ലെത്തിയവരുടെ ശത്രുവാണ്. മാർബിൾ, ടൈൽസ് എന്നിവ ഉപയോഗിക്കുമ്പോൾ വളരെ സൂക്ഷിക്കുക. പരുക്കനായ ടൈൽസ് ഇടാം. കുളിമുറിയിൽ ഒരു കാരണവശാലും തെന്നുന്ന തറ ഉണ്ടായിരിക്കരുത്.

വീടിന്റെ പുറത്തേയ്ക്കുള്ള കതകുകൾക്കു പുറത്ത് ഗ്രിൽ ഉണ്ടായിരിക്കട്ടെ. കള്ളൻമാർ വീട്ടിൽ മോഷണം നടത്തുന്നത് പത്രത്തിൽ വായിച്ച് ഇതു സംഭവിക്കാതിരിക്കത്തക്ക ഗ്രിൽ കതകിന് ഉണ്ടാക്കിക്കുക. ഒരാൾ എഴുത്തോ, ചെറിയ പായ്ക്കറ്റോ കൊണ്ടുവന്നാൽ ഈ ഗ്രില്ലിനകത്തുകൂടി, ഗ്രില്ലിന്റെ കതകു തുറക്കാതെ വാങ്ങുവാനുള്ള സംവിധാനം വേണം. പുറത്തേയ്ക്കുള്ള കതകുകൾക്കും അകത്തു നിന്ന് കുറുകെ ഇടത്തക്ക ഓടാമ്പലുകൾ ഉണ്ടാക്കിയിടേണ്ടത് ഇന്നത്തെ ആവശ്യമാണ്. രാത്രി പുറത്തേയ്ക്കുള്ള കതകുകൾ എല്ലാം അകത്തു നിന്നും താക്കോലിട്ടു പൂട്ടി താക്കോൽ അകത്തെ മുറിയിൽ സൂക്ഷിക്കുക. . വെളിയിൽ പോകുമ്പോൾ ഓരോ മുറികളും പൂട്ടുന്നത് ബുദ്ധിയാണ്. വീടിനകത്ത് ഒരു കൊച്ചു പട്ടി ഉണ്ടായിരിക്കുന്നത് പുറത്ത് പത്തു പട്ടി ഉണ്ടായിരിക്കുന്നതിനേക്കാൾ അപകടം സംഭവിക്കുമ്പോൾ പ്രയോജനം ചെയ്യും.

വീടിന്റെ താക്കോലുകളുടെ ഒരു ഡ്യൂപ്ലിക്കേറ്റ് സെറ്റ് വിശ്വസ്തരായ ആളുകളുടെ പക്കൽ കൊടുക്കുന്നത് ബുദ്ധിയാണ്. ഒറ്റയ്ക്ക് താമസിക്കുന്ന അപ്പച്ചനോടും അമ്മയോടും ദിവസത്തിൽ ഒരു തവണയെങ്കിലും ഫോൺ ചെയ്ത് വിശേഷങ്ങൾ തിരക്കണം. വീട്ടിൽ നിന്നും വെളിയിൽ പോകുന്ന ചിലർ വീടിന്റെ താക്കോൽ ചെടിച്ചട്ടിയിലോ അതേപോലെ മറ്റേതെങ്കിലും സ്ഥലത്തോ സൂക്ഷിച്ചു വെക്കുന്ന പതിവുണ്ട്. ഇതു ബുദ്ധിയല്ല, അല്ല.

മരുന്ന് തുടർച്ചയായി കഴിക്കുന്നവർ ഒന്നോ രണ്ടോ ദിവസത്തെ മരുന്ന് മറ്റൊരിടത്ത് ഒരു കവറിൽ സൂക്ഷിക്കുക. ചിലർ രാത്രി തപ്പുമ്പോഴാണ് ഒരു മരുന്ന് തീർന്നു എന്നു മനസിലാക്കുന്നത്. രാത്രി എന്തു ചെയ്യും? അതിനാൽ തുടർച്ചയായി കഴിക്കേണ്ട മരുന്നുകൾ ഏതാനും ഡോസ് വേറെ സൂക്ഷിക്കുക.അടുത്ത പ്രാവശ്യം പുതിയതായി മരുന്നു വാങ്ങുമ്പോൾ പുതിയതായി വാങ്ങിയ മരുന്ന് പഴയതായി പോകുകയില്ല.

മക്കളിൽ നിന്നോ, നന്മ ചെയ്തവരിൽ നിന്നോ ഒന്നും പ്രതീക്ഷിക്കരുത്. ഒന്നും. അങ്ങനെ ചെയ്താൽ നിങ്ങൾക്ക് നിരാശപ്പെടേണ്ടി വരികയില്ല. ഇന്നും മരിക്കാം എന്ന തയ്യാറെടുപ്പിലായിരിക്കുക. പറഞ്ഞു തീർക്കുവാനുള്ളത് പറഞ്ഞ് തീർക്കണം. കൊടുത്തു തീർക്കുവാനുള്ളത് കൊടുത്ത് തീർക്കണം. കൊടുത്ത് തീർക്കുവാൻ കഴിയാത്ത കടപ്പാട്, ധനം ഒക്കെയാണെങ്കിലോ? അവർക്കൊരു നന്ദി വാക്കു പറഞ്ഞ് ഒരു സമ്മാനവും കൊടുക്കുക. . പക്ഷേ മരണത്തെ പ്രതീക്ഷിച്ചിരിക്കരുത്. മരണത്തിന് ഒരുങ്ങിയിരിക്കുക മാത്രം ചെയ്യുക.

പ്രതീക്ഷ- നല്ല ആരോഗ്യം, നല്ല ദിവസങ്ങൾ, നല്ല സമാധാനം.

* മരണത്തിന് ഒരുങ്ങിയിരിക്കേണ്ട ആൾ ശ്രദ്ധിച്ചിരിക്കേണ്ട മറ്റു ചില കാര്യങ്ങൾ.

. നിങ്ങളുടെ പ്രധാനപ്പെട്ട കടലാസുകൾ ഒരു പ്രത്യേക ഫോൾഡറിൽ സൂക്ഷിക്കണം. ഇതിനായുള്ള ഫോൾഡറുകൾ സ്റ്റേഷനറി കടയിൽ വാങ്ങുവാൻ കിട്ടും.

പുരയിടത്തിന്റെ പ്രമാണം, വാഹനത്തിന്റെ രേഖകൾ, പാസ്ബുക്കുകൾ, ഇൻഷുറൻസിന്റെ രേഖകൾ, വിൽപത്രം തുടങ്ങിയ പ്രധാനപ്പെട്ട കടലാസുകൾ ഇതിൽ സൂക്ഷിക്കുക. ഒരു അത്യാവശ്യം വന്നാൽ തപ്പിനടക്കേണ്ടി വരികയില്ല. സമയനഷ്ടം, സംഘർഷം എന്നിവ ഒഴിവാക്കാം. പെട്ടെന്ന് മരിച്ചാലും മക്കൾക്ക് ഇത് സഹായമായിരിക്കും.

നിങ്ങളുടെ ആശുപത്രി ചികിൽസയെക്കുറിച്ച്, പരിശോധനയെക്കുറിച്ചുള്ള കടലാസുകൾക്കും ഇതേ പോലെ ഒരു ഫോൾഡർ ഉണ്ടായിരിക്കട്ടെ.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക.: ഈ പ്രധാന കടലാസുകളുടെ ഫോട്ടോകോപ്പി മറ്റൊരു സ്ഥലത്തോ അലമാരിയിലോ, മറ്റൊരാളിന്റെ കൈവശമോ സൂക്ഷിക്കുന്നതും ബുദ്ധിയാണ്.

### അഗ്രഗാമികൾ

1912 ൽ അമേരിക്കയിൽ നിന്നും ഇന്ത്യയിലെത്തി സുവിശേഷീകരണ രംഗത്തും സഭാ സ്ഥാപനത്തിലും അക്ഷീണം അടരാടുകയും, ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്ത മിഷനറി വര്യൻ റവ. റോബർട്ട് എഫ് കുക്കിന്റെ ജീവിതത്തെ പുതുതലമുറയെ ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുകയാണ്. പാസ്റ്റർ ജെ. ജോസഫും പാസ്റ്റർ സണ്ണി പി. സാമുവേലും രചിച്ച 'ഇന്ത്യ ദൈവസഭാ ചരിത്രം' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ഭാഗങ്ങൾ തുടർന്ന് വായിക്കാം.

# ഭാരതത്തെ സ്നേഹിച്ച കുക്ക് സായിപ്പ് 2

**1914 ജനുവരിയിൽ 4 ദിവസത്തെ യോഗത്തിനുശേഷം *** പേരെ ജലത്തിൽ സ്നാനപ്പെടുത്തി. ഇതായിരുന്നു പാസ്റ്റർ കുക്കിന്റെ തിരുവിതാംകൂറിലെ ആദ്യത്തെ സ്നാനശുശ്രൂഷ. ഈ ഗ്രാമത്തിലെ സുവിശേഷവേലയ്ക്കുശേഷം മടങ്ങിപ്പോകുന്നതിനു മുമ്പ് ഒരുദിവസം ഒരു ദിവസം സന്ധ്യയ്ക്ക് ഒരു ഹിന്ദുയുവാവ് കുക്കിനെ കാണുവാൻ എത്തി. നല്ല ഇംഗ്ലീഷിലാണ് അയാൾ സംസാരിച്ചത്. തലേദിവസത്തെ യോഗത്തിൽ അയാൾ സംബന്ധിച്ചിരുന്നു. രക്ഷയെപ്പറ്റി കൂടുതൽ അറിയുവാൻ ആ യുവാവ് ആഗ്രഹിച്ചിരുന്നു. പരിശുദ്ധാത്മാവിനാലും തിരുവചനത്താലും രക്ഷയെപ്പറ്റി വിശദമായി ആ യുവാവിനോട് പാസ്റ്റർ കുക്ക് വിവരിച്ചു. ആ യുവാവിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ അണപൊട്ടി ഒഴുകി. ആ യുവാവ് രക്ഷാനിർണ്ണയത്തിലേക്ക് വന്നു.**



യേശു ക്രിസ്തുവിന്റെ പേരു പറഞ്ഞപ്പോഴേ ആ സ്ത്രീയിലെ പൈശാചിക ശക്തി വളരെ കഠിനമായി അവരെ പീഢിപ്പിക്കുവാൻ തുടങ്ങി. അവർ വസ്ത്രങ്ങളും തലമുടിയും വലിച്ചുപറിച്ചു നിലത്തു കിടന്നുരുണ്ടു. വായിൽകൂടി നുരയും പതയും വന്നുകൊണ്ടിരുന്നു. യേശുവിന്റെ പേര് എന്നെ ഭയപ്പെടുത്തുന്നു. ഇടയ്ക്കു അവർ ചോദിച്ചു. റവ. കുക്ക് പിശാചിനെ ക്രിസ്തുവിന്റെ നാമത്തിൽ ശാസിച്ചു. അപ്പോൾ പിശാച് അഞ്ചുദിവത്തെ അവധി ചോദിച്ചു. യേശുക്രിസ്തുവിന്റെ നാമത്തിൽ പാസ്റ്റർ കുക്ക് പിശാചിനെ ശാസിച്ചു. ഉടൻ തന്നെ സ്ത്രീയെ വിട്ടുപോകുവാൻ ആജ്ഞാപിച്ചു. പെട്ടെന്ന് സ്ത്രീ മരിച്ചതുപോലെ പാസ്റ്റർ കുക്കിന്റെ കാൽച്ചുവട്ടിൽ വീണു. യേശുവിന്റെ രക്തത്താൽ എല്ലാവരും ജയം പ്രഖ്യാപിച്ചു. അല്പം കഴിഞ്ഞ് സ്ത്രീ സ്വതന്ത്രയായി എഴുന്നേറ്റു. എല്ലാവരും യേശുവിന്റെ നാമത്തിൽ ജയം ഘോഷിച്ചുകൊണ്ട് ഉച്ചത്തിൽ പാടി. തുടർന്നുള്ള വേലയിൽ ആദ്യത്തെ മിഷണറി യാത്രയിൽ പതിനാറുപേരെ സ്നാനപ്പെടുത്തുവാൻ പാസ്റ്റർ കുക്കിനു കഴിഞ്ഞു. ഒരു ഗ്രാമത്തിൽ അവർ കടന്നപ്പോൾ അവിടെ ഒരു വിഗ്രഹം പ്രതിഷ്ഠിച്ച് ഒരു ചെറിയ ക്ഷേത്രം പണിയുകയായിരുന്നു. എന്നാൽ സത്യ സുവിശേഷം പ്രസംഗിച്ചപ്പോൾ ജനങ്ങൾ ഈ ക്ഷേത്രം ഉപേക്ഷിച്ച് സുവിശേഷം കേൾക്കുവാൻ വന്നു. ഇതറിഞ്ഞ് ഗ്രാമത്തലവൻ ഭീക്ഷണി മുഴക്കി. എന്നാൽ ദൈവം അത്ഭുതകരമായി ദൈവിക വേലയെ സംരക്ഷിച്ചു. ഒരു വർഷത്തിനുശേഷം പാസ്റ്റർ കുക്ക് അവിടം വീണ്ടും സന്ദർശിച്ചപ്പോൾ ഈ ക്ഷേത്രം പൂർണ്ണമായി നിരാകരിക്കപ്പെട്ട നിലയിൽ കണ്ടു. അവിടെയുള്ള ജനങ്ങൾ ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതാണ് കണ്ടത്.

### തിരുവിതാംകൂറിൽ

സഹ്യാർദ്രിക്കും അറേബ്യൻ കടലിനുമിടയ്ക്കു തീരഭൂമിയും ഇടനാടും പർവ്വത പംക്തികളുമായി കിടക്കുന്ന അതിമനോഹരമായ പ്രദേശമാണ് തിരുവിതാംകൂർ. 300 മൈൽ നീളവും 60 മൈൽ വീതിയും ഉള്ള ഈ പ്രദേശം ഏതു വിദേശികൾക്കും നയനാഭിരാമമാണ്. ഭൂമദ്ധ്യരേഖയോട് അടുത്തു കിടക്കുന്നതിനാൽ വളരെ ചൂടുകൂടിയ സ്ഥലമാണ് ഇത്. മാർച്ചു മുതൽ ജൂൺ വരെ മദ്ധ്യവേനൽക്കാലം ചൂടു വളരെ കൂടുതലാണ്. ഈ കാലഘട്ടത്തിൽ ഏതാണ്ട് 250 മൈൽ ദൂരെയുള്ള നീലഗിരിയിൽ ആണ് വെള്ളക്കാർ ചെലവാക്കുന്നത്. ജൂലൈ മുതൽ ഒക്ടോബർ വരെ മൺസൂൺ കാലമാണ്. ഈ കാലഘട്ടം വലിയ മഴക്കാലമാണ്. നവംബർ മുതൽ ഫെബ്രുവരി വരെ അമേരിക്കയിലെ മിഡ്സമ്മർ കാലാവസ്ഥയാണ് ഇവിടെ. ഈ കാലഘട്ടത്തിലാണ് മിഷണറി ടൂറുകളും കൺവൻഷനുകളും മറ്റും മിഷണറിമാർ നടത്തുനന്നത്. വിവിധ വർഗ്ഗത്തിൽപ്പെട്ട ആളുകൾ ഇവിടെ അധിവസിക്കുന്നു. പരാമ്പരാഗതമായ സഭകളിലുള്ള സിറിയൻ ക്രിസ്ത്യൻ ജനത ഇവിടെ വളരെയുണ്ട്. തോനസ് അപ്പൊസ്തോലൻ ഇന്ത്യയിൽ വന്ന് മിഷണറി വേല നടത്തി എന്ന് പരമ്പരാഗതമായി വിശ്വസിക്കുന്നു. അന്ത്യോഖ്യാ കേന്ദ്രമായ സുറിയാനി സഭയുടെ പ്രവർത്തനവും കത്തോലിക്കാസഭയും ആംഗ്ലിക്കൻ സഭയും നവീകരണ സഭയായ മർത്തോമ്മാ സഭയും, ഓർത്തഡോക്സ് സഭയും ഇവിടെ പ്രവർത്തനം നടത്തി വരുന്നു. ഇവയിൽ നിന്നും വിശ്വാസത്തിലേക്കു വന്ന പെന്തക്കോസ്തു വിശ്വാസികളും ഇവിടെ ആത്മീക വിശ്വാസത്തിന്റെ പുതിയ സഭകൾ സ്ഥാപിച്ചു. കുക്കു സായിപ്പ് ഈ സാഹചര്യത്തിൽ ആണ് പ്രവർത്തനം ആരംഭിച്ചത്. പാസ്റ്റർ കുക്കിന്റെ പ്രവർത്തനങ്ങൾ പൊതുവെ താണവർഗ്ഗക്കാരായ ജനങ്ങളുടെ ഇടയിൽ ആയിരുന്നു. ദൈവം ഈ ജനങ്ങളിൽ അത്ഭുതകരമായ രീതിയിൽ ആത്മീക ശക്തി പകർന്നു.

തമിഴ്നാട്ടിൽ നിന്നും ട്രെയിൻ മാർഗ്ഗമാണ് പാസ്റ്റർ കുക്കും സഹപ്രവർത്തകരും തിരുവിതാംകൂറിൽ വന്നത്. ആറു മണിക്കൂർ തുടർച്ചയായി സഹ്യപർവ്വതത്തിലൂടെ ചുരം കയറി ട്രെയിൻ കൊട്ടാരക്കര എത്തി. കൊട്ടാരക്കരയിൽ എത്തിയപ്പോൾ സന്ധ്യയായതിനാലും പ്രഭാതമായിട്ടേ അവർക്കു ചെന്നു ചേരേണ്ട ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ സാദ്ധ്യമാകുകയുള്ളൂ എന്നതിനാലും ഭക്ഷണം കഴിക്കുവാൻ കുക്കും കൂടെയുള്ളവരും തീരുമാനിച്ചു. ബ്രദർ കുമിനിയെ പരിചയമുള്ള ഒരു രക്ഷാസൈന്യ ഓഫീസർ ഏതാനും മൈലുകൾ ദൂരെയുള്ള തന്റെ വാസസ്ഥലത്തേക്ക് പാസ്റ്റർ കുക്കിനെയും മറ്റും ക്ഷണിച്ചു. രക്ഷാസൈന്യ ഓഫീസറുടെ ഭാര്യ ചോറും കറിയും തയ്യാറാക്കി. എല്ലാവരും ഇലകളിൽ ഭക്ഷണം കഴിച്ചു. ഒരു തുരുമ്പു പിടിച്ച പാത്രമേ അനിടെ ഉണ്ടായിരുന്നുള്ളൂ. അത് വൃത്തിയാക്കി അതിൽ പാസ്റ്റർ കുക്കിന് ആഹാരം നല്കി. ഏറെ വിശന്നിരുന്നതിനാൽ ആഹാരം തികച്ചും രുചികരമായിരുന്നു. ഭക്ഷണത്തിനുശേഷം കാളവണ്ടിയിൽ വൈക്കോൽ ശേഖരിച്ച് അവർ യാത്ര തുടർന്നു. പ്രഭാതം ആകുന്നതിനു മുമ്പേ അവർ ലക്ഷ്യസ്ഥാനത്തെത്തി. നേരം വെളുക്കാതെ ഇരുന്നതിനാൽ ചൂട്ടുകറ്റകളുമായി ദീപം തെളിച്ചാണ് ജനങ്ങൾ അവരെ കാണുവാൻ വന്നത്. അവർ പാസ്റ്റർ കുക്കിന്റെ ചുറ്റും ബാഗുകൾ തലയിൽ ചുമന്ന് വനങ്ങളിലും നെൽപ്പാടങ്ങളിലും തോടുകളിലും കൂടി ഏതാണ്ട് രണ്ടു മൈൽ ദൂരം നടന്ന് താമസസ്ഥലത്തെത്തി. സൂര്യൻ ഉദിച്ചപ്പോഴേക്ക് അവർ ലക്ഷ്യസ്ഥാനത്തെത്തി.

## കുഷ്ഠരോഗിയുടെ ഇംഗ്ലീഷ്

തുവയൂരിൽ നടന്ന യോഗങ്ങൾക്ക് കൺവൻഷന്റെ സ്വഭാവമുണ്ടായിരുന്നു. ഓരോ ദിവസവും ആരാധനാസ്ഥലം നിറഞ്ഞു കവിഞ്ഞിരുന്നു. നാനൂറുപേരോളം തറയിൽ ഇരുന്നു യോഗം കേട്ടു. എല്ലാ യോഗങ്ങളിലും ദൈവാത്മാവിന്റെ വ്യാപാരം ശക്തിയായി പകർന്നിരുന്നു. യോഗത്തിൽ പലരും അന്യഭാഷയിൽ സംസാരിച്ചു. ഒരു കുഷ്ഠരോഗിയെ ദൈവം പരിശുദ്ധാത്മാവിൽ നിറച്ചു. അയാൾ മനോഹരമായ ഇംഗ്ലീഷിൽ സംസാരിച്ചു. ഇത് പാസ്റ്റർ കുക്കിനെ അത്ഭുതപരതന്ത്രനാക്കി. ദരിദ്രനായ ഒരു കുഷ്ഠരോഗി ഇംഗ്ലീഷ് സംസാരിക്കുന്നതു കേട്ട് അനേകരും അത്ഭുതപ്പെട്ടു. യഥാർത്ഥമായ പെന്തക്കോസ്തിന്റെ അനുഭവമായിരുന്നു അത്.

കുഷ്ഠരോഗിയായ മാത്യുവിന്റെ അന്യഭാഷയെപ്പറ്റി പാസ്റ്റർ കുക്കിനു സംശയം തോന്നി. അയാളെ വിളിച്ചു സംസാരിച്ചു. അപ്പോഴാണു മനസ്സിലായത് അയാൾക്കു മലയാളം മാത്രമേ അറിയുവാൻ കഴിയുന്നുള്ളു എന്ന്. അല്പം തമിഴും അയാൾക്കറിയാമായിരുന്നു. എന്നാൽ ഇംഗ്ലീഷ് അല്പം പോലും അയാൾക്ക് വശമായിരുന്നില്ല. ദൈവത്തിനു സ്തോത്രം! അവന്റെ കൃപാദാനങ്ങൾ എത്ര അപ്രമേയം. യോഗങ്ങളിലെ വിജയകരമായ അനുഭവങ്ങളുടെ പ്രധാനകാരണം പ്രാർത്ഥനയും ദൈവത്തിനു സ്തോത്രം കരേറ്റലുമായിരുന്നു. പരിശുദ്ധാത്മാവ് യോഗങ്ങളിൽ ഉലാവിക്കൊണ്ടിരുന്നു.

തമിഴ്നാട്ടിലെപ്പോലെ തിരുവിതാംകൂറിലും ദൈവം തന്റെ വേലയെ മാനിക്കുമെന്നു പാസ്റ്റർ കുക്കിന് നല്ല ഉറപ്പായിരുന്നു. പാസ്റ്റർ കുക്ക് അവിടെ നടന്ന യോഗങ്ങളിൽ പിശാചിന്റെ ബന്ധനത്തെപ്പറ്റിയും ക്രിസ്തീയ സ്വാതന്ത്ര്യത്തെപ്പറ്റിയും പ്രസംഗിച്ചു. യോഗത്തിൽ പിശാചുബാധയുള്ള ഒരു സ്ത്രീയെ കൊണ്ടുവന്നിരുന്നു. ബ്രദർ കുമിനിയും പാസ്റ്റർ കുക്കും ആ സ്ത്രീയുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. പൈശാചിക ശക്തിയെ യേശുവിന്റെ നാമത്തിൽ ശാസിച്ചു. അവർ ബോധരഹിതയായി വീണു. പല്ലുകൾ കോർത്തു പിടിച്ചിരുന്നു. യേശുവിന്റെ രക്തത്താൽ ജയം പ്രഖ്യാപിച്ചുകൊണ്ട് പാസ്റ്റർ കുക്ക് പൈശാചിക ശക്തിയുമായി പോരാടി വിജയം പ്രാപിച്ചു. അബോധാവസ്ഥയിൽ നിന്നും ഉണർന്ന് രോഗവിമുക്തയായ അവൾ ദൈവത്തെ സ്തുതിച്ചു. കാഴ്ച്ചക്കാർ ആനന്ദാശ്രുക്കൾ പൊഴിച്ചു.

1914 ജനുവരിയിൽ 4 ദിവസത്തെ യോഗത്തിനുശേഷം അനേകരെ ജലത്തിൽ സ്നാനപ്പെടുത്തി. ഇതായിരുന്നു പാസ്റ്റർ കുക്കിന്റെ തിരുവിതാംകൂറിലെ ആദ്യത്തെ സ്നാനശുശ്രൂഷ. ഈ ഗ്രാമത്തിലെ സുവിശേഷവേലയ്ക്കുശേഷം മടങ്ങിപ്പോകുന്നതിനു മുമ്പ് ഒരുദിവസം ഒരുദിവസം സന്ധ്യയ്ക്ക് ഒരു ഹിന്ദുയുവാവ് കുക്കിനെ കാണുവാൻ എത്തി. നല്ല ഇംഗ്ലീഷിലാണ് അയാൾ സംസാരിച്ചത്. തലേദിവസത്തെ യോഗത്തിൽ അയാൾ സംബന്ധിച്ചിരുന്നു. രക്ഷയെപ്പറ്റി കൂടുതൽ അറിയുവാൻ ആ യുവാവ് ആഗ്രഹിച്ചിരുന്നു. പരിശുദ്ധാത്മാവിനാലും തിരുവചനത്താലും രക്ഷയെപ്പറ്റി വിശദമായി ആ യുവാവിനോട് പാസ്റ്റർ കുക്ക് വിവരിച്ചു. ആ യുവാവിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ അണപൊട്ടി ഒഴുകി. ആ യുവാവ് രക്ഷാനിർണ്ണയത്തിലേക്ക് വന്നു. ആ യുവാവിനെ പാസറ്റർ കുക്കും മറ്റൊരു സുവിശേ,കനും കൂടി കുടിലിന്റെ ഉള്ളിലേക്ക് ആനയിച്ചു. അയാൾ മുട്ടിൽ നിന്ന് പ്രാർത്ഥിച്ചു. ആ രാത്രി തന്നെ സ്നാനം കഴിപ്പിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. ചന്ദ്രപ്രകാശത്തിൽ മൂന്നു സുവിശേഷകരോടൊത്ത് പാസ്റ്റർ കുക്ക് ആ യുവാവിനെ അടുത്തുള്ള ജലാശയത്തിൽ കൊണ്ടുപോയി സ്നാനപ്പെടുത്തി. സ്നാനശുശ്രൂഷകൾക്കുശേഷം അവർ ഒരു പുൽത്തകിടിയിൽ മുട്ടുകുത്തി ദൈവത്തിനു സ്തോത്രം കരേറ്റി. ഈ യുവാവിനു പൗലോസ് എന്നു പേരു നല്കി. പാസ്റ്റർ കുക്കും മറ്റും ഗ്രാമം വിട്ടുപോകുന്നതിൽ യുവാവ് അസ്വസ്ഥനായി. തന്നെക്കൂടെ ബാംഗ്ലൂരേലേക്ക് കൊണ്ടുപോകണമെന്ന് ആ യുവാവ് ആവശ്യപ്പെട്ടു. എന്നാൽ ബാംഗ്ലൂരിൽ ഒരാളെക്കൂടെ താമസിപ്പിക്കുവാൻ വേണ്ട സൗകര്യം ഇല്ലാതെയിരുന്നതിനാൽ ദൈവം വഴി കാണിച്ചുതരും എന്ന് ഉപദേശിച്ച് യുവാവിനെ അവിടെത്തന്നെയാക്കി. അടുത്തദിവസം കോഴഞ്ചേരിയിൽ പ്രസംഗത്തിനായി പോയപ്പോൾ ഈ യുവാവും പാസ്റ്റർ കുക്കിനോടൊത്ത് പോയി. വളരെ ശക്തമായ് സാക്ഷ്യം പൗലോസ് യോഗങ്ങളിൽ പറഞ്ഞു. ഏതാനും ദിവസങ്ങൾക്കു ശേഷം ഒരു കൂട്ടം ഹിന്ദുക്കൾ വടികളും മറ്റുമായി വന്ന് പൗലോസിനെ പിടിച്ചുകൊണ്ടുപോകുവാൻ ശ്രമിച്ചു. പൗലോസിന്റെ അമ്മാവനും സഹോദരനും ആ ആൾക്കൂട്ടത്തിന്റെ നോതാക്കന്മാരായിരുന്നു. അവർ പൗലോസിനെ തങ്ങളുടെ മദ്ധ്യത്തിൽ നിന്നും പിടിച്ചുവലിച്ചുകൊണ്ടുപോയി. എന്നാൽ ഒരു കുഞ്ഞാടിനെപ്പോലെ ശാന്തനായിട്ടാണ് അവരുടെ കൂടെപ്പോയത്. അവരുടെ കൂടെ പോകുമ്പോൾ പാസ്റ്റർ കുക്കിന് ഹസ്തദാനം നല്കിക്കൊണ്ട് ഗുഡ്ബൈ പറഞ്ഞു. അവർ എന്നെ കൊന്നാലും ഞാൻ ക്രിസ്തുവിനുവേണ്ടി ഉറച്ചുനില്ക്കും എന്ന് ആ യുവാവ് പറഞ്ഞു. പാസ്റ്റർ കുക്കിന് നിസ്സഹായനായി നോക്കി നില്ക്കുവാനേ ഈ സാഹചര്യത്തിൽ കഴിഞ്ഞുള്ളൂ. പൗലോസിനെ പീഢിപ്പിച്ച് അവർ കൊന്നു എന്ന് പിന്നീട് ജനങ്ങൾ പറയുന്നതു കേട്ടു. എന്നാൽ കുറെ നാളുകൾ കഴിഞ്ഞ് പാസ്റ്റർ കുക്ക് ഈ സ്ഥലം സന്ദർശിച്ചപ്പോൾ ആ യുവാവ് ജീവിച്ചിരിക്കുന്നു എന്നറിഞ്ഞു. അതികഠിനമായ പീഢകളാൽ ആ യുവാവ് ഹിന്ദുമാർഗ്ഗത്തിലേക്ക് തിരികെപ്പോയി. അയാൾ പിന്നെ ഒരു നിരീശ്വരവാദിയും മദ്യപാനിയുമായിത്തീർന്നു. പാസ്റ്റർ കുക്കിനെ കാണുന്നതിനു തന്നെ ആ യുവാവ് ഭയപ്പെട്ടു. *(തുടരും)*

# ഒർലാന്റോ ഐ.പി.സിക്ക് പുതിയ ഭാരവാഹികൾ



*നിബു വെള്ളവന്താനം*

**ഫ്ലോറിഡ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയനിലെ പ്രമുഖ സഭകളിലൊന്നും, കഴിഞ്ഞ ഒരു ദശാബ്ദകാലം റവ. ജേക്കബ് മാത്യൂ സീനിയർ ശുശ്രൂഷകനായി പ്രവർത്തിച്ചുവരികയും ചെയ്തുകൊണ്ടിരിക്കുന്ന ഒർലാന്റോ ഐ. പി. സി സഭയുടെ എക്സ്യ്യുകുട്ടിവ് ബോർഡിലേക്ക്പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ജനുവരി 29 നു ഞായറാഴ്ച നടന്ന പൊതുയോഗത്തിൽ റവ.ജേക്കബ് മാത്യു അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി രാജു എബ്രഹാം പൊന്നോലിൽ വാർഷിക പ്രവർത്തന റിപ്പോർട്ടും, ട്രഷറാർ മനോജ് ഡേവിഡ് സാമ്പത്തിക കണക്കുകളും അവതരിപ്പിച്ചു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ സഭയുടെ എക്സ്സ്യുകൂട്ടിവ് ഭാരവാഹികളായി പാസ്റ്റർ ജേക്കബ് മാത്യൂ (പ്രസിഡന്റ്), സഹോദരന്മാരായ സാം ഫിലിപ്പ് (വൈസ്. പ്രസിഡന്റ്), രാജു ഏബ്രഹാം പൊന്നോലിൽ(സെക്രട്ടറി), മനോജ് ഡേവിഡ് (ട്രഷറാർ), മാത്യൂ ജോർജ്, നെബു സ്റ്റീഫൻ, സ്റ്റീഫൻ ദാനിയേൽ, എം.എ ജോർജ്, നിബു മാത്യു വെള്ളവന്താനം എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ബ്രദർ അഢ ജോസ് (മിഷൻ ഡയറക്ടർ), ബ്രദർ ജോൺ മാത്യു (ലൈബ്രററി ഡയറക്ടർ), ബ്രദർ കോശി മാത്യൂ (തേർഡ് സിഗ്നേച്ചറി), സിസ്റ്റർ രമണി മാത്യു (ലേഡിസ് മിനിസ്ടീസ് ഡയറക്ടർ), ബ്രദർ റിജോ രാജു (യൂത്ത് ഡയറക്ടർ),ഡാറിൽ സിംഗ് (മ്യൂസിക് മിനിസ്ട്രീസ് ഡയറക്ടർ), സിസ്റ്റർ ഫിലോ മാത്യൂ (ഇവാഞ്ചലിസം ഡയറക്ടർ), ബാബു എബ്രഹാം (പി.എം.റ്റി ഡയറക്ടർ) സിസ്റ്റർ ഹെബ്സിബ ജോർജ്, ജെരമ്യ ജോർജ്, (ഓഡിറ്റേഴ്സ്) എന്നിവരെ കൂടാതെ വിവിധ സബ് കമ്മറ്റിയംഗങ്ങളെയും തിരഞ്ഞെടുത്തു.

കേരളത്തിലും ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലുമായി ജീവകാരുണ്യ പ്രേക്ഷിത പ്രവർത്തന പദ്ധതികൾ സഭ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു. ലോകപ്രശസ്തമായ ഫ്ലോറിഡയിലെ ഒർലാന്റോ ഡിസ്നിവേൾഡ് തീം പാർക്കിനോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഇൻഡ്യാ പെന്തക്കോസ്ത് ദൈവ സഭയിൽ 100 ലധികം കുടുംബങ്ങളിൽ നിന്നായി 350 ലധികം വിശ്വാസികൾ ഞായറാഴ്ചകളിൽ ആരാധനകളിൽ സംബന്ധിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: oww.ipcorlando.org

## പൂർവ്വ വിദ്യാർത്ഥി സമ്മേളനം

**കുമ്പനാട്:** ഇന്ത്യാ ബൈബിൾ കോളജിലെയും ഹെബ്രോൻ ബൈബിൾ കോളജിലെയും (1930–1993) പൂർവ്വ വിദ്യാർത്ഥികളുടെ 2017 ജനുവരി 19 വ്യാഴം, ഉച്ചയ്ക്ക് 2 മുതൽ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. റവ. റ്റി. വത്സൻ ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും. സമ്മേളനത്തിൽ മുതിർന്ന പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കും. പാസ്റ്റേഴ്സ് ജേക്കബ് വർക്കി (പ്രസിഡന്റ്), സാംകുട്ടി മാത്യു (ജനറൽ സെക്രട്ടറി), ലാലു കോശി (ട്രഷറാർ), അലക്സ് പാപ്പച്ചൻ, കെ. ജെ. മാത്യു, സാബു തോമസ്, സജി മത്തായി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകും. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഈ വർഷവും അർഹരായവർക്ക് സഹായം നൽകുന്നതാണ്.

## ചേറ്റുകുഴി കൺവൻഷൻ ഫെബ്രുവരി 17 മുതൽ

ചേറ്റുകുഴി: ഗോസ്പൽ ഫോർ ദി ഡിസേബിൾഡ് ഇൻ ഇന്ത്യയുടെ ജീവകാരുണ്യപ്രസ്ഥാനമായ ഗ്രെയ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പതിനാലാമത് ചേറ്റുകുഴി കൺവൻഷൻ ഫെബ്രുവരി 17 മുതൽ 19 വരെ ഗ്രെയ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ഗ്രൗണ്ടിൽ നടക്കും. 17 -ാം തീയതി വെള്ളിയാഴ്ച ആരംഭിക്കുന്ന കൺവൻഷൻ ജി.എഫ്.ഡി.ഐ പ്രസിഡന്റ് പാസ്റ്റർ സി.കെ.കുര്യന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി കുമളി ഡിസ്ട്രിക്ട് മിനിസ്റ്റർ പാസ്റ്റർ എം.ഐ. കുര്യൻ ഉദ്ഘാടനം ചെയ്യും.

പാസ്റ്റർ രാജു പൂവക്കാല (ഐ.പി.സി ജനറൽ വൈ.പ്രസിഡന്റ്), പാസ്റ്റർ വൈ. റെജി (ചർച്ച് ഓഫ് ഗോഡ് ആലുവ ഡിസ്ട്രിക്ട് മിനിസ്റ്റർ), പാസ്റ്റർ ജെൻസൻ ജോയി (ബാംഗ്ലൂർ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. ഗ്രെയ്സ് വോയിസ് ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. കൺവൻഷൻ കൺവീനറായി പാസ്റ്റർ വി.ജെ.തോമസ് പ്രവർത്തിക്കുന്നു. ചേറ്റുകുഴിയിലും പരിസരപ്രദേശങ്ങളിലും ഈ കൺവൻഷൻ ആത്മീയ ഉണർവ്വിന് പ്രചോദനമേകുവാൻ ദൈവജനത്തിന്റെ പ്രാർത്ഥന ചോദിക്കുന്നു.

## 4–14 വിൻഡോ കേരളാ സമ്മിറ്റ്

**തിരുവല്ലാ:** തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4 ശനിയാഴ്ച രാവിലെ 9.45 മുതൽ 12.30 വരെ തിരുവല്ല തോംസൺ ഫുഡ്മാളിൽ വച്ച് 4–14 വിൻഡോ മൂവ്മെന്റ് കേരളാ സമ്മിറ്റ് നടക്കും. നാലു മുതൽ പതിനാല് വയസു വരെ പ്രായമുള്ള കുട്ടികളുടെ സമഗ്രവളർച്ചയ്ക്കായി യത്നിക്കുന്ന അന്താരാഷ്ട്ര മൂവ്മെന്റായ 4–14 വിൻഡോയുടെ കേരള സംസ്ഥാന സമ്മേളനത്തിന് വേദിയൊരുക്കുന്നത് തിമഥി ഇൻസ്റ്റിറ്റ്യൂട്ടാണ്. കേരളത്തിലെ സഭാനേതൃത്വത്തെയും യുവജനസണ്ടേസ്കൂൾ ബാലസുവിശേഷീകരണ പ്രവർത്തനത്തിലായിരിക്കുന്ന ലീഡേഴ്സിനു വേണ്ടിയാണ് പ്രസ്തുത സമ്മേളനം നടക്കുന്നത്. പവർവിഷൻ ചെയർമാൻ പാസ്റ്റർ കെ.സി. ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്യും. 4–14 വിൻഡോ മൂവ്മെന്റിന്റെ ദേശീയ പ്രതിനിധികൾ പങ്കെടുക്കുന്ന മീറ്റിങ്ങിൽ ഡോ. പി.ആർ.ഡി. പ്രഭു (ബാംഗ്ലൂർ) 4–14 വിൻഡോയെ പരിചയപ്പെടുത്തുന്നതോടൊപ്പം കുട്ടികളുടെ ഇടയിൽ നടക്കുന്ന ശുശ്രൂഷയിൽ ക്രിസ്തീയ സഭകളുടെ വിശാല ഐക്യപ്രവർത്തനം സാധ്യമാകുമെന്നതിനെക്കുറിച്ച് ചർച്ചാവേദിയൊരുക്കും. കൂടുതൽ വിവരങ്ങൾക്ക് 9656217909.

# സെന്റർ കൺവൻഷൻ സമാപിച്ചു




*ഐ.പി.സി. വെസ്റ്റ് സെന്റർ കൺവൻഷൻ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്യുന്നു*

അടൂർ: ഐ.പി.സി. വെസ്റ്റ് സെന്റർ കൺവൻഷൻ സമാപിച്ചു. കടമ്പനാട് കല്ലുകുഴി ഐ.പി.സി. ഹെബ്രോൻ ഗ്രൗണ്ടിൽ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷാജു സി. ജോസഫ്, എബി എബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ് എന്നിവർ പ്രസംഗിച്ചു. സെന്റർ ക്വയർ ഗാനശുശ്രൂഷ നടത്തി.

സണ്ടേസ്കൂൾ, പി.വൈ.പി.എ. സോദരി സമാജം വാർഷികം നടന്നു. ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോൺസൻ ഡാനിയേൽ സമാപന സന്ദേശം നൽകി.

പാസ്റ്റർമാരായ തോമസ് ജോസഫ്, ജോസ് എ.സി., ബിജു കോശി, സാജൻ ഈശോ, മാർക്ക് എൻ. തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

## ജനറൽ കൺവൻഷനിൽ...

(1–ാം പേജ് തുടർച്ച)

ചെറിയാൻ, സജി ജോർജ്, ജേസ് ബേബി തുടങ്ങിയവർ രാത്രി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ വൈ. റെജി, പി. എസ്. രാജൻ എന്നിവരുടെ നേതൃത്വത്തിൽ കൺവൻഷൻ ക്വയർ ഗാനശുശ്രുഷ നയിച്ചു. പാസ്റ്റർ ബാബു ചെറിയാനും, പാസ്റ്റർ ക്രിസ്ററഫർ ററി. രാജുവും ഭക്ഷണ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ചു.

## ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻജനുവരി 3 മുതൽ ഫെബ്രുവരി 1, 2 വരെ സെമിനാരി ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. അഭിഷിക്ത ദൈവ ദാസന്മാർ വചനത്തിൽ നിന്നും സംസാരിച്ചു. പെനിയേൽ ബൈബിൾ സെമിനാരിയുടെ പൂർവ്വ വിദ്യാർത്ഥി സമ്മേളനം ഫെബ്രുവരി 3ന് വൈകിട്ട് 4 മണിക്ക് സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

## പെനിയേൽ സെമിനാരി ഗ്രാജുവേഷൻ

കീഴില്ലം: പെനിയേൽ സെമിനാരിയുടെ 34മത് ബാച്ചിന്റെ ഗ്രാജുവേഷൻ ഫെബ്രുവരി 4 ന് രാവിലെ 9.30യക്ക് നടന്നു. സ്ഥാപക പ്രസിഡൻറ് ഡോ. സി.പി. വർഗ്ഗീസ്സർട്ടിഫിക്കറ്റുകൾ നൽകി.

## സാഹിത്യ രചനകൾ ക്ഷണിക്കുന്നു

(1–ാം പേജ് തുടർച്ച)

വിഷയങ്ങളെ ആസ്പദമാക്കി ക്രൈസ്തവ സാഹിത്യ രചനകൾ ക്ഷണിക്കുന്നു.

പ്രായഭേദമെന്യ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ആവശ്യമില്ല. ഇംഗ്ലീഷ്, മലയാളം ഭാഷകൾ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. വിവിധ പ്രായ ഗ്രൂപ്പുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ വിജയിക്കുന്നവർക്ക് കെ.പി.ഡബ്ല്യ്യു.എഫ് രജതജൂബിലി സമ്മേളനത്തിൽ വെച്ച് അവാർഡും സർട്ടിഫിക്കറ്റും നൽകി ആദരിക്കും.

പങ്കെടുക്കുന്നവരുടെ എണ്ണം അനുസരിച്ച് പ്രാഥമിക റൗണ്ടുകൾ പൂർത്തികരിച്ചതിനു ശേഷം ഫൈനൽ മത്സരം നടത്തും. വിജയികളാകുന്നവരുടെ സാഹിത്യസൃഷ്ടികൾ പ്രമുഖ ക്രൈസ്തവ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കും. രചനകൾ മെയ് 10 നു മുമ്പായി താഴെ കാണുന്ന വിലാസത്തിൽ സഭാ ശുശ്രൂഷകന്റെ പേരും ഫോൺ നമ്പരും സഹിതം അയച്ചുതരേണ്ടതാണ്.

Nibu Velavanthanam (National Secretary), 5137 Picadilly circus Ct, Orlando, FL 32839. Email: usakpwf@gmail.com

email : jyothimargom@gmail.com,

Web: www.jyothimargom.com

Call us @ 9447455820, 9048869944

# വിദ്യഭ്യാസ സഹായവിതരണം



*ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് സഭയുടെ നേഴ്സിങ്ങ് വിദ്യർത്ഥികൾക്കായുള്ള വിദ്യഭ്യാസസഹായം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് വിതരണം ചെയ്യുന്നു*

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് സഭയുടെ നേഴ്സിങ്ങ് വിദ്യർത്ഥികൾക്കായുള്ള വിദ്യഭ്യാസസഹായം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് വിതരണം ചെയ്തു.
സഭയുടെ മുളക്കുഴ ഓഫീസിൽ നടന്ന ചടങ്ങിൽ പാസ്റ്റർമാരായ ജെ. ജോസഫ്, കെ.എ. ഉമ്മൻ, ഷിബു കെ. മാത്യു, ജോൺ ദാനിയേൽ, സഹോദരന്മാരായ ടി. യോഹന്നാൻ, ബിനോയ് അലക്സ് തുടങ്ങിയവർ പങ്കെടുത്തു. 25000 രൂപ വീതം 14 കുട്ടികൾക്ക് സഹായം നൽകി.

JYOTHIMARGOM
P.O.Box-15, Eraviperoor P.O.,
Tiruvalla-689 542, Pathanamthitta
Ph : 9447455820, 9048869944

33rd Years of Publications
JYOTHIMARGOM
Most Popular Christian News Paper
email : jyothimargom@gmail.com, Web: www. jyothimargom.com

LICENCE NO.KL/TLA/112/2015-2017
Posted on 13th February 2017 at RMS Tiruvalla
Published on 12th February 2017
RNI.No.KER MAL/2002/8041



# ഹാർട്ട് ബ്ലോക്കിന് ഒറ്റമൂലിയുമായി

## ബിനോയ് വൈദ്യനും കുടുംബവും തിരുവല്ലായിൽ



**ഹൃ**ദയധമനികളിൽ ബ്ലോക്കുണ്ട്. ആൻജിയോ പ്ലാസ്റ്റിയോ ഓപ്പൺ ഹാർട്ട് സർജറിയോ അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന് വിധിയെഴുതിയ രോഗികളോട് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കണ്ടോത്ത് നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റൽ നടത്തുന്ന ചെറുപ്പക്കാരൻ ബിനോയ് വൈദ്യനും കുടുംബത്തിനും ഒരു അപേക്ഷയുണ്ട്. "ഹാർട്ട് സർജ്ജറിക്ക് ലക്ഷക്കണക്കിന് രൂപ ചിലവ് വരും. ഡോക്ടറുമായി നിങ്ങൾ തീയതി നിശ്ചയിക്കുമ്പോൾ കുറച്ചുദിവസം മുന്നോട്ടാക്കി നിശ്ചയിക്കുക. എന്നിട്ട് നിങ്ങൾ പയ്യന്നൂരുള്ള എന്റെ വീട്ടിൽ വരിക. ഇവിടെ രണ്ടോ മൂന്നോ ദിവസം താമസിച്ച് പച്ചമരുന്ന് ചികിത്സക്ക് വിധേയമാകുക. കുറച്ചുമാസങ്ങൾക്ക് ശേഷം തിരികെ ചെന്ന് ആൻജിയോഗ്രാം ഉൾപ്പെടെയുള്ള വൈദ്യപരിശോധനകൾ ചെയ്തു നോക്കുക."

വീണ്ടും ആവശ്യമെന്ന് ടെസ്റ്റുകളിൽ തെളിഞ്ഞാൽ മാത്രം ഓപ്പറേഷന് വിധേയമാകുക.

ഇതുപറയുമ്പോൾ ബിനോയ് വൈദ്യർ പൂർണ്ണ ആത്മവിശ്വാസത്തോടെ അവകാശപ്പെടുന്നു ഇവിടുത്തെ ചികിത്സയും കൃത്യമായ പഥ്യവും കഴിഞ്ഞ് പരിശോധന നടത്തുമ്പോൾ ഒരു ബ്ലോക്കും ഉണ്ടായിരിക്കയില്ല. ഇവിടുത്തെ ചികിത്സ വളരെ ഫലപ്രദമാണെന്ന് നിരവധി അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ തെളിവായി പറയുവാനുണ്ട്.

ക്രമരഹിതവും അമിതവുമായ ഭക്ഷണശീലങ്ങൾ, വ്യായാമം ഇല്ലാത്ത ശരീരം, മദ്യപാനം, പുകവലി, തുടങ്ങി ലഹരി ഉപയോഗം എന്നിവയൊക്കെയാണ് ഹൃദയസംബന്ധമായ രോഗങ്ങളുടെ അടിസ്ഥാന കാരണം.

കേരളത്തിൽ ഹൃദയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. അതുമാത്രമല്ല, ഹൃദയരോഗികൾക്ക് അലോപ്പതി ചികിത്സ ഭീമമായ സാമ്പത്തിക ബാധ്യതയുമാണ് ഉണ്ടാക്കുന്നത്. ഈ ചിലവുകൾ താങ്ങാനാവാതെ സാധാരണക്കാർ വലയുന്ന സാഹചര്യത്തിലാണ് ബിനോയ് വൈദ്യരുടെ ചിലവുകുറഞ്ഞ ചികിത്സാ രീതി അനേകർക്ക് ആശ്വാസമാകുന്നത്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തു നിന്ന് അരനൂറ്റാണ്ടുകൾക്ക് മുൻപ് മലബാറിലെ നിലമ്പൂരിനടുത്ത് വെള്ളാരമുണ്ടയിലേക്ക് കുടിയേറിയ കാഞ്ഞിരപ്പറമ്പിൽ ജേക്കബിന്റെ കൊച്ചുമകനാണ് ബിനോയ് വൈദ്യൻ. പിതാവ് കെ.ജെ.മത്തായി. അമ്മ മോളി.

കപ്പയും മുളയരിയും ഭക്ഷണമാക്കി മണ്ണിനോട് പടവെട്ടി കനകം വിളയിച്ച കർഷക കുടുംബത്തിൽ നിന്നാണ് പാരമ്പര്യ ചികിത്സയുടെയും നാട്ടു വൈദ്യത്തിന്റെയും പിൻബലത്തോടെ ബിനോയ് വൈദ്യനും കുടുംബവും തന്റെ ചികിത്സാ രീതികൾ വികസിപ്പിച്ചെടുത്തത്. ഓരോ പച്ചമരുന്നും തങ്ങൾ തന്നെ ശേഖരിച്ച് വൃത്തിയാക്കി കൃത്യമായ രീതിയിൽ പ്രാർത്ഥനാപൂർവ്വം മരുന്നുകൾ തയ്യാറാക്കുന്നു. ഇത് മെഗാ ബിസിനസ് ആക്കാനോ വ്യവസായിക അടിസ്ഥാനത്തിൽ മരുന്ന് ഉൽപ്പാദിപ്പിച്ച് ലാഭം കൊയ്യുവാനോ താത്പര്യമില്ലെന്നും ഞങ്ങളെ നേരിട്ട് സമീപിക്കുന്ന രോഗിയെ താമസിപ്പിച്ച് മരുന്നും പഥ്യാഹാരങ്ങളും നൽകി പ്രാർത്ഥനാപൂർവ്വം ചികിത്സ നൽകി രോഗ സൗഖ്യത്തിലേക്ക് നയിക്കുക എന്നതാണ് തന്റെ ലക്ഷ്യം. നിരവധി ഗുരുക്കന്മാരുടെയും കേരളത്തിനകത്തും പുറത്തുമുള്ള നിരവധി വൈദ്യന്മാരുടെയും ശിഷ്യത്വം സ്വീകരിച്ച് പഠിച്ച ചികിത്സാ രീതികളും മലബാറിലെ നാട്ടുചികിത്സയും സംയോജിപ്പിച്ചാണ് ബിനോയ് വൈദ്യൻ ചികിത്സയുടെ പടവുകൾ കയറുന്നത്.

ഹൃദയരോഗങ്ങൾ മാത്രമല്ല ഡിസ്ക് തകരാറുമൂലം എഴുന്നേറ്റ് നടക്കാൻ പോലും സാധിക്കാത്ത നിരവധി രോഗികൾക്ക് തന്റെ പ്രത്യേക ബോൺ സെറ്റിംഗ് ചികിത്സയിലൂടെ ആശ്വാസം ലഭിച്ചതായി നിരവധി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

അതുപോലെ സോറിയാസിസ് ഒരു പ്രധാന രോഗമാണ്. സോറിയാസിസ് വന്ന് സൗഖ്യമാകാതെ ആത്മഹത്യ ചെയ്തവരേപ്പോലും തനിക്കറിയാം. ഇതിനോടകം നിരവധി പേർ കൃത്യമായ പഥ്യത്തിലൂടെ സോറിയാസിസ് എന്ന മാരകരോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ഞങ്ങളുടെ പച്ചമരുന്ന് ചികിത്സ മൂലം സാധിച്ചതായും അദ്ദേഹം പറയുന്നു. അതോടൊപ്പം താരൻ, പൈൽസ്, വാതരോഗങ്ങൾ, മൂത്രത്തിൽ കല്ല്, തുടങ്ങി നിരവധി രോഗങ്ങൾക്ക് വൈദ്യനും കുടുംബവും ഔഷധങ്ങൾ നൽകി വരുന്നു. മധ്യതിരുവിതാംകൂറിലെ ആളുകൾക്ക് മലബാർ വരെ യാത്ര ചെയ്യാതെ ചികിത്സക്കായി തിരുവല്ലയിൽ ശാരോൻ ഫെലോഷിപ്പിന് സമീപം, കാട്ടൂക്കര റോഡിൽ നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റലിന്റെ പ്രവർത്തനം ബിനോയ് വൈദ്യൻ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി ജനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**വിളിക്കേണ്ട നമ്പർ:**
**9048712570, 9400566214, 9496214000**



ഞങ്ങളുടെ സേവനങ്ങൾ
ഡൊമസ്റ്റിക് & ഇന്റർ നാഷണൽ വിമാന ടിക്കറ്റുകൾ
സൗദി.യു.എ.ഇ, ഖത്തർ, മസ്ക്കറ്റ് എന്നീ രാജ്യങ്ങളിലേയ്ക്കുള്ള വിസിറ്റ് വിസകൾ
സിംഗപ്പൂർ, മലേഷ്യ, ഹോളിലാന്റ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ടൂർ പാക്കേജുകൾ
പാസ്പോർട്ട്, വിസ സ്റ്റാംബിംഗ്, എമിഗ്രേഷൻ
ഡൊമസ്റ്റിക് & ഇന്റർ നാഷണൽ ടൂർ പാക്കേജുകൾ
ടിക്കറ്റ് റി-കൺഫർമേഷൻ & റി-ബുക്കിംഗ്
എമിഗ്രേഷൻ ക്ലിയറൻസ് & പാസ്പോർട്ട് അസിസ്റ്റൻസ്
ട്രാവൽ ഇൻഷുറൻസ് & സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

JUBILANT COMMERCE
JUBILANT
TRAVEL & TOURS
Ist Floor, SCS Building, SCS Jn, Thiruvalla-689101
Ph: 0469 2604007,2730007
Mob: 8281402373, 9747206960
E-mail:-jubilanttravels@gmail.com

മദ്ധ്യതിരുവിതാംകൂറിലെ തിരക്കേറിയ ജീവിതത്തിൽ ബസ്സ്- വിമാന യാത്രകൾക്ക് ഞങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക
ബസ് ബുക്കിംഗ്
എല്ലാ ദിവസവും
ബാംഗ്ലൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക,ചെന്നൈ, കോയമ്പത്തൂർ, മുംബൈ, വേളാങ്കണ്ണി, മൈസൂർ, ഹൈദ്രാബാദ്,പോണ്ടിച്ചേരി, ഗോവ, വെല്ലൂർ



പാസ്പോർട്ട് അപ്പോയ്മെന്റ് ഓൺലൈനിൽ ചെയ്തു കൊടുക്കുന്നതാണ്.



വിവാഹ വിനോദയാത്രകൾക്ക് ആവശ്യമായ ടൂറിസ്റ്റ് ബസ്സുകളും ചെറുവാഹനങ്ങളും ലഭ്യമാണ്.
Shyamaly Tvla 2601510

Printed, Published and owned by Pr. P.G. Mathews, Jeswin Villa, Kumbanad P.O., Thiruvalla 689 547, Printed at Cochin Printech, Kalamasserry, Cochi. Design & Typesetting Global Computers, Thiruvalla
Editor Pr. J.Joseph, Onattu Shalom, Eraviperoor P.O.,, Pathanamthitta (Dist.), Kerala - 689 542